# TRICHUR ARCHDIOCESAN BULLETIN

2024 ഒക്ടോബർ | വാല്യം: 91 | ലക്കം: 10




**ക്ലേശിതർക്കാശ്രയം** (മത്താ. 11, 28–29)





2024 സെപ്റ്റംബർ 08ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട ചൂണ്ടൽ സെന്റ് തോമസ് ഇടവക ദൈവാലയവും അൾത്താരയും

Trichur Archdiocesan Bulletin
TAB

ESTD:1934

ഒക്ടോബർ 2024
ലക്കം: 10 | വാല്യം: 91

10

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സന്ദേശം | 04 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 17 |
| സഹായമെത്രാന്റെ പരിപാടികൾ | 17 |
| നാളാഗമം | 19 |
| നാമകരണ നടപടികൾ | 24 |
| വൈദികർ | 28 |
| സന്യസ്തർ | 30 |
| വിശ്വാസ പരിശീലനം | 35 |
| സ്ഥാപനങ്ങൾ | 39 |
| സംഘടനകൾ | 57 |



# 1 സന്ദേശം

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

Ref: No: 3918/K-5/KCBC/OL/DS
14.09.2023

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

(ഒക്ടോബർ 20, 2024)

*പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ 22:9 കാണുക)*

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, ''അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ'' (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതു വഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച

പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, ''കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിത ദൗത്യം'' എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

**1. ''പോയി ക്ഷണിക്കുവിൻ'': കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.**

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിത ദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: ''പുറത്തേക്കു പോകുക,''''ക്ഷണിക്കുക'''എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, '''പോകുവിൻ''; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവ

ർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾ വിട്ട് വിദൂരദേശങ്ങളിലേക്കുപോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ'' (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (Ad Gentes) പ്രേഷിതദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾ വരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ ''നാൽകവലകളി''ലേക്ക് കടന്നുചെല്ലാനാവും. ''സഭയിൽ ഇന്നു നടക്കുന്ന യഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു ''തടവറ സൃഷ്ടിക്കുന്ന''സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം ''നമ്മുടേതാക്കി മാത്രം'' സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; ''നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു'''(അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് ''പോകാൻ'' മാത്രമായിരുന്നില്ല; മറിച്ച്, ''ക്ഷണിക്കാനും'' ആയിരുന്നു. ''വിവാഹവിരുന്നിനു വരുക'' (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും അതേ രീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യം പേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ ''ശൈലി'' നിശ്ചയമായും അനുകരിക്കേണ്ടതാണ്. ''മരിക്കുകയും മൃതരിൽ നിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം'' (സുവിശേഷത്തിന്റെ സന്തോഷം, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പകൊണ്ടും ആർദ്രത കൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലമായി മാറും.

**2. ''വിവാഹാഘോഷത്തിലേക്ക്'': ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.**

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യ ത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ

അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കു കും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ട

താണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, ‘‘സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു’’ (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു:‘‘ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം’’ (മർക്കോ 13:10 കാണുക) (പ്രേഷിതപ്രവർത്തനം [Ad Gentes], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, ‘‘കർത്താവ് അടുത്തെത്തിയിരിക്കുന്നു’’ എന്ന് അറിയുന്നവരുടെ സന്തോഷ ത്തോടുകൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറി ക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധന മാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ ‘‘വിരുന്നുകൾ’’ വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പന പ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ’ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ

പഠിപ്പിച്ചതുപോലെ: ‘‘ഓരോ ദിവ്യ പൂജാർപ്പണത്തിലും കൗദാശിക മായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യ മാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യ വിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാ സ്വാദനമാണ്; പുതിയനിയമത്തിൽ അത് ‘‘കുഞ്ഞാടിന്റെ വിവാഹ വിരുന്ന്’’ (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധ രുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്’’ (സ്നേഹത്തിന്റെ കൂദാശ [Sacramentum Caritatis], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാം വിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: ‘‘പ്രേഷിതദൗത്യത്തിലേക്ക് ആകർഷി ക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല;

ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (സ്നേഹത്തിന്റെ കൂദാശ, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക

സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചു വരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, ‘‘കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!’’

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ’ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യ പൂജാർപണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥി ക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷക ന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മററ് ആരാധനക്രമാഘോഷങ്ങളിലും, ‘‘അങ്ങയുടെ രാജ്യം വരേണമേ’’ എന്ന അപേക്ഷയുള്ള ‘‘സ്വർഗസ്ഥനായ പിതാവേ’’ എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ

ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

**3. ''എല്ലാവരോടും'' പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിത ദൗത്യം**

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: ''എല്ലാവരും''. 'ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, ''ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ'' (പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. ''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്'' (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: '''പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടി ക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം''' (സുവിശേഷത്തിന്റെ സന്തോഷം, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ ''ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയ

വരെയെല്ലാം വിളിച്ചുകൂട്ടി'' (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും' (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. ''എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ ''അതെ'' എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും ''വിവാഹവസ്ത്രം'' (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. ''പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യം മുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന'' (പ്രേഷിതപ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോള പ്രേഷിതദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും

നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യ ത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് വിശ്വാസ പ്രചാരണ പൊന്തിഫിക്കൽ സംഘം (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർ ഥിച്ച മറിയത്തിലേക്ക് (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾ ക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാന കാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമു ക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോ ടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തി ലുംനിന്ന് ശക്തിസംഭരിച്ചുകൊണ്ട് (സുവിശേഷത്തിന്റെ സന്തോഷം, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർ ക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവൽകരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക ണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

---

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി.,
കൊച്ചി - 682 025

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ഒക്ടോബർ 2024**

1 : വി. കൊച്ചുത്രേസ്യ
2 : കാവൽ മാലാഖമാരുടെ തിരുനാൾ
4 : ആദ്യവെള്ളി
വി. ഫ്രാൻസിസ് അസ്സീസി
6 : ഏലിയാ-സ്ലീവ-മൂശ ഏഴാം ഞായർ
13 : ഏലിയാ-സ്ലീവ-മൂശ എട്ടാം ഞായർ
15 : ആവിലായിലെ വി. ത്രേസ്യ
16 : വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
20 : ഏലിയാ-സ്ലീവ-മൂശ ഒമ്പതാം ഞായർ
മിഷൻ ഞായർ
22 : വി. ജോൺ പോൾ രണ്ടാമൻ പാപ്പ
27 : ഏലിയാ-സ്ലീവ-മൂശ പത്താം ഞായർ
28 : വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ

**2.ഒക്ടോബർ മാസത്തെ പരിപാടികൾ**

20 : മിഷൻ ഞായർ

**3. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2024 നവംബർ 9-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2023 ജൂൺ 1 മുതൽ 2024 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക്

പരിഗണിക്കുന്നതല്ല).

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2024 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

<u>1. വിദ്യാഭ്യാസരംഗം (2023-24 അധ്യയനവർഷത്തിൽ)</u>

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

<u>2. കായികം</u>

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ,

ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3. കലാസാഹിത്യ രംഗം

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

4. മറ്റു രംഗങ്ങൾ

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB: 1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.

2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷി


ക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.

**4. വൈദികനിയമനം**

1. ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ – നടത്തുവികാരി കണ്ണാറ കൂടി; സാധുത 2024 സെപ്തംബർ 2 മുതൽ ഒക്ടോബർ 26 വരെ.

2. ഫാ. അലക്സ് മാപ്രാണി – പഠനാവധി; സഹവികാരി പേരാമംഗലം & അസി. അർക്കെവിസ്റ്റ് ഒഴിവായി; സാധുത 2024 ആഗസ്റ്റ് 19 മുതൽ.

(തിരുത്ത്) : ഫാ. ടെൻസ് കുന്നപ്പിള്ളി – അസിസ്റ്റന്റ് ഡയറക്ടർ ഇൻ ചാർജജ് സാന്ത്വനം കൂടി; സാധുത 2024 ജൂലൈ 30 മുതൽ



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

അവസാന വിധി
**സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്.**
**(മത്താ. 25, 40)**

## ENGAGEMENTS
### OCTOBER 2024
### Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 1-29 | Sun | Morning | Synod on Synodality @ Rome |
| 31 | Thu | | Installation - Abp. ThomasTharayil @ Changanacherry |

## ENGAGEMENTS
### OCTOBER 2024
### Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Tue | Morning | World Elders Day @ JMMH |
| | | Afternoon | Holymass @ St Peter Claver Convent, Olarikkara |
| 02 | Wed | Morning | 4th Child Baptism @ Kottekad |
| | | | Social Committement Day @ DBCLC |
| | | | TEACH Education Trust |
| | | | Silver Jubilee Conclusion @ Marathakkara |
| 03 | Thu | Evening | 4th Child Baptism @ Kalloor East |

| | | | |
|---|---|---|---|
| 04 | Fri | Morning | Holymass & Kodikayattam @ Arimboor<br>Chapel Blessing @ Mundur |
| 05 | Sat | Morning | Silver Jubilee of SABS Sisters<br>Vestition of FCC Sisters@ Thiroor |
| 06 | Sat | Morning | Newly Wedded Couples Meet @ Family Apostolate |
| 07-16 | | | Keniya |
| 17 | Thu | Morning | 4th Child Baptism @ Chengaloor<br>Holymass & Concluding Messege @ Daivashabdam Convention |
| | | Evening | 4th Child Baptism @ Velur |
| 18 | Fri | Morning | Holymass @ Animation Centre |
| | | Evening | Holymass @ Kodikayattam @ Puthenpeedika |
| 19 | Sat | Morning | Golden Jubilee of  Convent, Mareena Home Chembukavu |
| 20 | Sun | Morning | Pregnant Women Meet @ Family Apostolate |
| 21 | Mon | Evening | Punarjani Convent and Chapel Blessing @ Thiruvillamala |
| 22 | Tue | Evening | Home Day @ Peace Home |
| 25-27 | | | LRC Seminar |
| 28 | Mon | Morning | 4th Child Baptism @ Nirmalapuram |
| | | Evening | Holymass in preparation to Synaxis @ MMB Generalate, Marathakkara |
| 30 | Wed | Morning | 4th Child Baptism @ Pazhayannoor |
| 31 | Thu | | Installation of Bishop Thomas Tharayil |



# നാളാഗമം

## ആഗസ്റ്റ് 2024

1. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. നവീകരിച്ച പഴയന്നൂർ ദൈവാലയം വെഞ്ചിരിച്ച് വി. കുർബ്ബാനയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുതുക്കാട് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.
2. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി.കുർബാനയർപ്പിച്ചു. ഉച്ചക്കുശേഷം അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതിയോഗത്തിൽ പങ്കുചേർന്നു.
3. കണ്ണാറ ഇടവകയിൽ വെച്ച് ഉച്ചയ്ക്ക് നടന്നഹോളി ഫാമിലി സന്യാസിനീ സമൂഹത്തിന്റെ സഭാ വസ്ത്ര സ്വീകരണത്തിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികനായി.
4. അഭിവന്ദ്യമാർ ആൻഡ്രൂസ് പിതാവ് ആറ്റുപുറം ഇടവകയിൽ ഇടയസന്ദർശനം നടത്തി. വിയാനി ഭവനിലെ വിയാനി ഡേ ആഘോഷങ്ങളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിയാനി

ഭവനിൽ വി. കുർബാനയർപ്പിച്ചു.

5-9. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കെ. സി. ബി. സി. യിൽ പങ്കെടുത്തു.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പാലയ്ക്കൽ 'ശാന്തിസദൻ' അഗതിമന്ദിരം സന്ദർശിച്ചു. മാർച്ച് ഫോർ ലൈഫ് 2024'നോട് അനുബന്ധിച്ച് പുത്തൻപള്ളിയിൽ നിർമ്മിച്ച സ്മാരകം പ്രകാശനം ചെയ്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തൈക്കാട്ടിൽ ആന്റോ-റോസ്മിൻ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് രാവിലെ കൊട്ടേക്കാട് ഫൊറോന ദൈവാലയത്തിൽ വച്ച് കാർമ്മികത്വം വഹിച്ചു. കാരിസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ നടത്തപ്പെട്ട 'മാർച്ച് ഫോർ ലൈഫ് 2024'തൃശ്ശൂർ അതിരൂപത നേതൃത്വം വഹിച്ചു. അതിനോടനുബന്ധിച്ച് സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന ദിവ്യബലിയിലും, സെമിനാറുകളിലും, എക്സിബിഷനിലും, സ്വരാജ് റൗണ്ട് വലയം വച്ച ബഹുജന റാലിയിലും, തുടർന്നു പാലോക്കാരൻ ഹാളിൽ വച്ചു കൂടിയ യോഗത്തിലും പോണ്ടിച്ചേരി ആർച്ച്ബിഷപ്പ് ഫ്രാൻസിസ് കലിസ്റ്റ്, ലക്നൗ ബിഷപ്പ് ജെറാൾഡ് ജോൺ മത്തിയാസ്, അമരാവതി ബിഷപ്പ് മാൽകം സെക്വരൈ, മൂവാറ്റുപുഴ ബിഷപ്പ് യോഹന്നാൻ മാർ തെയൊഡോഷ്യസ് കൊച്ചുതുണ്ടിൽ, വരാപ്പുഴ സഹായമെത്രാൻ ആന്റണി വാലുങ്കൽ എന്നിവരും, തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ തുടങ്ങിയവരും പങ്കെടുത്തു. മുളയം, മേരി മാതാ മേജർ സെമിനാരി നടത്തിയ എം ഇ പി സി. സിമ്പോസിയത്തിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു.

11. അഭിവന്ദ്യമാർ ആൻഡ്രൂസ് പിതാവ് രാവിലെ ചിറക്കേക്കോട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് മണ്ണുത്തി, അയ്യന്തോൾ എന്നീ ഇടവകകൾ സന്ദർശിക്കുകയും ചെയ്തു. വൈകിട്ട് തൃശ്ശൂർ അസ്സീസി പ്രൊവിൻസ് ഹൗസിൽ വച്ചു നടന്ന വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ആഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വാടാനപ്പിള്ളി ഇടവകയിൽ വി.കുർബാനയർപ്പിക്കുകയും സകൂൾ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വച്ചു നടന്ന 'ദീപിക കളർ ഇന്ത്യ

ചിത്രരചന മത്സരം: സീസൺ 3'ന്റെ ഉദ്ഘാടനം നിർവഹിച്ചു. ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിനു സമീപം ഡോക്ടർമാർക്കായി പണിതീർത്ത ക്വാർട്ടേഴ്സിന്റെ വെഞ്ചിരിപ്പുകർമ്മം വൈകീട്ട് നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കോനിക്കര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. ചേറ്റുപ്പുഴ, കർമ്മലീത്ത ആശ്രമത്തിൽ വെച്ച് ബ്രദർ ജോർജ്ജ് അറയ്ക്കലിന് ഡീക്കൻ പട്ടം നൽകി. എം. ഐ ഏങ്ങണ്ടിയൂർ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുക്കുകയും, നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു.

13. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്. ജ്യോതി എഞ്ചിനിയറിംഗ് കോളേജ്, ജൂബിലി ആശുപത്രി എന്നിവയുടെ ട്രസ്റ്റ് മീറ്റിംഗുകളിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പടവരാട് എസ്.എ.ബി.എസ്. കോൺവെന്റിൽ വച്ച് ബഹു. സി. അനാക്ലേറ്റ് എസ്.എ.ബി. എസ്.ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. അതിരൂപത കാര്യാലയത്തിൽ വച്ചു നടന്ന സി.ആർ.ഐ. മേജർ സുപ്പീരിയേഴ്സിന്റെയോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുളയം, മേരി മാതാ മേജർ  സെമിനാരിയിൽ വി.കുർബാനയർപ്പിച്ചു. തൃശ്ശൂർ, സെന്റ്. തോമസ് കോളേജിന്റ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് അതിരൂപത സി.എൽ.സി. പുതുശ്ശേരി ഇടവകയിൽ വച്ചു നടത്തിയ സി.എൽ.സി. പതാക ദിനാചരണത്തിൽ പങ്കെടുത്തു. കൂനമ്മൂച്ചി ദൈവാലയത്തിന്റെ നവീകരിച്ച മോണ്ടകം വെഞ്ചിരിക്കുകയും ദൈവാലയത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും ചെയ്തു. കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി തൃശ്ശൂർ അതിരൂപത കേന്ദ്രം സന്ദർശിച്ചു. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന കാറ്റെക്കീസം മെറിറ്റ് ഡേ യുടെ ഉദ്ഘാടനം നിർവഹിച്ചു. ഷെക്കെയ്ന അമേരിക്കാസിന്റെ മുഴുവൻ സമയ സംപ്രേക്ഷണം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ചിറക്കേക്കോടുള്ള ഷെക്കെയ്ന സ്റ്റുഡിയോയിൽ ഉദ്ഘാടനം ചെയ്തു. കൊട്ടേക്കാട് കാത്തലിക് വെൽഫെയർ ലീഗ് നിർമ്മിച്ചു നല്കുന്ന രണ്ടു ഭവനങ്ങളുടെ താക്കോൽദാനം വൈകീട്ട് കുറ്റൂർ ഇടവക ഹാളിൽ വച്ചു നിർവഹിച്ചു. മുണ്ടത്തിക്കോട് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി.കുർബാനയർപ്പിക്കുകയും ഇടവകയുടെ സുവർണ ജൂബിലി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഡിബിസിഎൽസി

യിൽ വെച്ച് നടന്ന അതിരൂപത വിശ്വാസ പരിശീലനത്തിന്റെ മെറിറ്റ് ഡേയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുക്കുകയും സമ്മാന വിതരണം നിർവ്വഹിക്കുകയും ചെയ്തു.

16. മേരിമാതമേജർ സെമിനാരിയിൽ വച്ചു നടന്ന പറോക് ഗവേഷണ കേന്ദ്രത്തിന്റെ പത്താം വാർഷികാഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. തൃശ്ശൂർ ജില്ലാ കളക്ടറായി പുതിയ തായി ചുമതലയേറ്റ ശ്രീ. അർജുൻ പാണ്ഡ്യൻ അതിരൂപത കേന്ദ്രം സന്ദർശിച്ചു. ചൂണ്ടൽ സാന്തോംകോൺവെന്റിൽ വച്ച് ബഹു. സി. ആബേൽ സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂ ഷയ്ക്ക് അഭിവന്ദ്യമാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. ബഹു. ആന്റോ എടക്കുളത്തൂർ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ അഭിവന്ദ്യപിതാക്കന്മാരുടെ കാർമികത്വത്തിൽ പാവറ ട്ടിയിൽ വച്ചു നടത്തപ്പെട്ടു. പറോക്കിന്റെ പത്താം വാർഷികത്തോട നുബന്ധിച്ച് മുളയം, മേരിമാത മേജർ സെമിനാരിയിൽ വി. കുർ ബാനയർപ്പിക്കുകയും യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. കൂനംമുച്ചി ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പുതിയ വിശ്വാസപരിശീല കർക്കായി നടത്തപ്പെട്ട കോഴ്സിനോടനുബന്ധിച്ച് രാവിലെ ഡി.ബി.സി.എൽ.സി.യിൽ ദിവ്യബലിയർപ്പിച്ചു. തൃശ്ശൂർ, ശക്തൻ തമ്പുരാൻ നഗറിലുള്ള 'ശാന്തിഭവൻ ഗുഡ്സമരിറ്റൻ മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടന യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതി രൂപത കേന്ദ്രത്തിൽ വച്ചു നടന്ന 'മാർച്ച് ഫോർ ലൈഫ് 2024'ന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു. ഉപരിപഠനത്തിനായി റോമിലേക്കു പോകുന്ന ബഹു. ഫാ. ലിബിൻ ചെമ്മണ്ണൂരിനും ബഹു. ഫാ. ഗോഡ്വിൻ എടക്കളത്തൂരിനും അതിരൂപത കേന്ദ്ര ത്തിൽ വച്ച് അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ യാത്രയ യപ്പു നല്കി. വെള്ളാറ്റത്തൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. പടവരാട്, സെന്റ് തെരേസ കോൺവെന്റിന്റെ സുവർണ ജൂബിലി യോടനുബന്ധിച്ച് മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

18. വി. എവുപ്രാസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂർ, വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻ ഡ്രൂസ് പിതാവ് പതാക പ്രയാണത്തിനുള്ള സ്വീകരണത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. ബൈബിൾ


പകർത്തി യെഴുതുന്നവരുടെ കൂട്ടായ്മയായ 'സൊഫറീം സോഫി യയുടെ മൂന്നാമത്തെ കൂട്ടായ്മ, ബൈബിൾ പ്രേഷിതത്വത്തിന്റെ ആഭിമുഖ്യത്തിൽ പുത്തൻപള്ളിയിൽ വച്ച് കൂടുകയുണ്ടായി. ബൈബിൾ പകർത്തിയെഴുതിയവരെ പ്രസ്തുതയോഗത്തിൽ ആദരിച്ചു. തോളൂർ ഇടവകയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

19-31 മൗണ്ട്സെന്റ്തോമസിൽ വച്ചു നടന്ന സീറോമലബാർ സഭയുടെ മുപ്പത്തിരണ്ടാമത് സിനഡിന്റെ മൂന്നാം സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

23-25 പാലയിൽ വച്ചു നടന്ന അഞ്ചാമത് മേജർ ആർച്ച്എപ്പിസ്കോപ്പൽ അസംബ്ലിയിൽ അഭിവന്ദ്യപിതാക്കന്മാരും അതിരൂപതയിൽ നിന്നു ള്ള പ്രതിനിധികളും പങ്കെടുത്തു.

യേശുവും
ബേൽസെബൂലും
**അന്തശ്ഛിദ്രമുള്ള**
**ഏതു രാജ്യവും നശിച്ചു**
**പോകും. അന്തശ്ഛിദ്രമുള്ള**
**നഗരമോ ഭവനമോ**
**നിലനിൽക്കുകയില്ല**
**(മത്താ 12, 25)**

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




**രണ്ടാം ശനിയാഴ്ചാചരണം**

സെപ്റ്റംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 14.09.2024 -ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതയിലെ വടക്കൻ പുതുക്കാട് ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ഇടവക വികാരി ബഹു. ജോസ് എടക്കളത്തൂർ അച്ചനാണ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മണലൂർ, മുല്ലശ്ശേരി, തൊയക്കാവ് എന്നിവിടങ്ങളിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയത്. സെന്റ് ഇഗ്നേഷ്യസ് ചർച്ച് ഈസ്റ്റ് മണലൂർ, ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ നോർത്ത് പുതുക്കാട് എന്നീ ഇടവകകളിൽ നിന്നുള്ള ധാരാളം വിശ്വാസികളും ആദ്യാവസാനം തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയുണ്ടായി. ചീരൻ യാക്കോബ് ബിജുവാണ് സെപ്റ്റംബർ മാസത്തെ രണ്ടാം ശനിയാഴ്ചാചരണം ഏറ്റെടുത്ത്

നടത്തിയത്. ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകനും തൃശ്ശൂർ അതിരൂപതയിലെ ശ്രേഷ്ഠ പുരോഹിതനും ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 68-ാം ചരമവാർഷികദിനമാണ് 2024 ഒക്ടോബർ 13. അതിനൊരുക്കമായുള്ള നവനാൾ തിരുകർമ്മങ്ങൾ ധന്യനായ അഗസ്റ്റിനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ ഒക്ടോബർ 1 മുതൽ ആരംഭിച്ചു. ഒന്നാം തീയതി മുതൽ 13-ാം തീയതി വരെ, ആത്മീയവും ഭൗതികവുമായ വിവിധ പരിപാടികളാണ് ശ്രാദ്ധാചരണത്തിനായി ഒരുക്കിയിരിക്കുന്നത്. ഫാ. തോമസ് ചൂണ്ടലിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികളും ഇതിനായി പ്രവർത്തിച്ചുവരുന്നുണ്ട്. ഒക്ടോബർ 13-ാം തീയതി രാവിലെ 10.15-ന് ചൊവ്വന്നൂർ പള്ളിയങ്കണത്തിൽവെച്ച് വിവിധ പദയാത്രകൾക്ക് സ്വീകരണം നല്കുന്നു. 10.30-ന് പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വി. കുർബാനയുണ്ടായിരിക്കും. തുടർന്ന് കബറിടത്തിൽ പുഷ്പാർച്ചനയും 12.30-ന് നേർച്ച ഊട്ടും ആരംഭിക്കും. ''മരണശേഷം സ്വർഗ്ഗത്തിലിരുന്ന് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് എന്റെ ജോലി'' എന്ന് ഉദ്ധീരണം ചെയ്ത ഈ പുണ്യപിതാവിന്റെ മാധ്യസ്ഥ്യം തേടിവരുന്ന ആയിരങ്ങളിൽ ഒരാളായി നമുക്കും മാറാം.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



**വി. കുർബാന: കൂദാശാ ഭാഗം**

നമ്മുടെ കാഴ്ചയർപ്പണം കൊണ്ട് പൂർണ്ണ ബലിയാകുന്നില്ല. തന്റെത്തന്നെ ബലി നമുക്ക് നൽകുവാൻ യേശു ആഗ്രഹിക്കുന്നു. നമ്മുടെ കാഴ്ചകളെ തന്റെ ശരീരവും രക്തവും ആക്കി മാറ്റാൻ അവിടുന്ന് ആഗ്രഹിക്കുന്നു. കാഴ്ചവെയ്പിൽ ബലിസാധനമാണ് നാം അർപ്പിക്കുന്നത്. ബലിയർപ്പിക്കാനുള്ള നമ്മുടെ ആഗ്രഹമാണ് നാം ഇവിടെ പ്രകടിപ്പിക്കുന്നത്.

വി. കുർബാനയിൽ കുരിശിലെ ബലി അർപ്പിക്കപ്പെടുന്നു. അന്ത്യത്താഴത്തിൽ കർത്താവ് ചെയ്തത് നാം വി. കുർബാനയിൽ ചെയ്യുന്നു. 'ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുക'. അന്ത്യത്താഴത്തിൽ ക്രിസ്തു വരാനിരിക്കുന്ന തന്റെ സഹനവും മരണവും അർപ്പിച്ചു. നമ്മുടെ രക്ഷക്കുവേണ്ടി മരിക്കാനുള്ള

സന്നദ്ധത അവിടുന്ന് പ്രഖ്യാപിച്ചു. 'മനുഷ്യസ്വഭാവം ആവശ്യപ്പെടുന്നതുപോലെ സഭക്ക് ദൃശ്യമായ ഒരു ബലി നൽകുവാൻ' (ട്രെന്റ് കൗൺസിൽ) അവിടുന്ന് ആഘോഷപൂർവ്വമായ ആ സ്വയം സമർപ്പണം നടത്തി. അർപ്പിക്കാനായി നമുക്ക് ഒരു ബലിയുണ്ടാകുവാൻ അവിടുന്ന് ആഗ്രഹിച്ചു. തന്റെത്തന്നെ ബലി അവിടുന്ന് നമുക്ക് ഓഹരിയായിത്തന്നു. തന്റെ മരണം കർമ്മവിധികളിലൂടെ അർപ്പിച്ചുകൊണ്ട്, കുരിശിലെ ബലിയർപ്പിക്കുവാൻ തന്റെ സഭക്ക് അതിന്റെ കർമ്മവിധിയും അധികാരവും നൽകി.

അവിടുന്ന് ഒരിക്കൽ മാത്രം മരിച്ചു. അസംഖ്യം കാഴ്ചസമർപ്പണങ്ങൾക്ക് അവിടുത്തെ മരണം മതിയാകും. കാൽവരിയിലെ ബലിയാണ് വി. കുർബാനയെന്ന് സൂചിപ്പിക്കുവാൻ രണ്ട് കൂദാശാ പ്രാർത്ഥനകളുണ്ട്. ഈ രണ്ടു പ്രാർത്ഥനകൾ ക്രിസ്തുവിന്റെ ബലിയിലെ ശരീര രക്തങ്ങളുടെ വിഭജനം സൂചിപ്പിക്കുന്നു.

ബലിവസ്തുവും അവിടുത്തെ യാഗത്തിന്റെ മൂല്യവും ക്രിസ്തു നമ്മുടെ കൈകളിലേക്ക് വച്ചുതരുന്നു. ഈ കാഴ്ചവസ്തുക്കളെ തന്റെ ശരീരരക്തമാക്കി പകർത്തുന്നു. തന്റെ യാഗത്തിന്റെ അനന്തയോഗ്യതകളോടെ കാൽവരിയിലെ ബലിവസ്തുവിനെ നാം സ്വീകരിക്കുന്നു. ഈ അർത്ഥത്തിൽ കുരിശിലെ ബലി അൾത്താരയിൽ സന്നിഹിതമാണ്.

ദൈവദാസൻ അന്തോണിയച്ചൻ ഹൃദയത്തിൽ സ്വീകരിച്ച വി. ബലിയുടെ വിചിന്തനങ്ങൾ നമുക്കും സ്വന്തമാക്കാം.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. വിൻസെന്റ് ചെറുവത്തൂർ 01
ഫാ. ഡെബിൻ ഒലക്കേങ്കിൽ 02
ഫാ. ജെൻസ് തട്ടിൽ 02
ഫാ. ഷിന്റോ മാറോക്കി 03
ഫാ. ജിക്സൻ താഴത്ത് 03
ഫാ. ജോഷി ആളൂർ 04
ഫാ. ആന്റോ ചിറയത്ത് 05
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 06
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 08
ഫാ. ഫ്രാൻസിസ് ആലപ്പാട്ട് 10
ഫാ. ജോൺസൻ അരിമ്പൂർ 10
ഫാ. റാഫേൽ പുല്ലോക്കാരൻ 12
ഫാ. സഞ്ജയ് തൈക്കാട്ടിൽ 12
ഫാ. ജോൺസൻ ഐനിക്കൽ 13
ഫാ. ജോയ് കിടങ്ങൻ 13
ഫാ. ജോസ് ചാലക്കൽ 17
ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ 17
ഫാ. ജിയോ ചിരിയങ്കണ്ടത്ത് 18
മോൺ. ജോർജ്ജ് മാനാടൻ 18
ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ 18
ഫാ. ജിയോ ആലപ്പാട്ട് 19
ഫാ. ജോസ് അറങ്ങാശ്ശേരി 19
ഫാ. സിജോ പുത്തൂർ 19
ഫാ. ജിജോ പിടിയത്ത് 20
ഫാ. മിഥുൻ ചുങ്കത്ത് 22
ഫാ. ജെയ്സൻ പുലിക്കോട്ടിൽ 22
ഫാ. ഡിറ്റോ കൂള 23
ഫാ. ഡെയ്സൻ മുണ്ടോപുറം 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ലാസർ താണിക്കൽ 24
ഫാ. ജിബി വാഴപ്പിള്ളി 24
ഫാ. സിംസൺ ചിറമ്മൽ 25
ഫാ. ട്രെജിൻ തട്ടിൽ 25
ഫാ. ക്രിസ്റ്റോ തേക്കാനത്ത് 25
ഫാ. ജോജു പൊറുത്തൂർ 26
ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ 28




ഫാ. ഫ്രാൻസിസ് ആളൂർ 04
ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് 04
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 04
ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ 04
ഫാ. അൽജോ കരേരക്കാട്ടിൽ 04

| | | | |
|---|---|---|---|
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 | ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 | ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 | ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 | ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 | ഫാ. അജിത്ത് കൊള്ളന്നൂർ | 28 |




| | |
|---|---|
| ഫാ. കടവി ജേക്കബ് | 27.10.1828 |
| ഫാ. അറക്കൽ ഗീവർഗ്ഗീസ് | 13.10.1895 |
| ഫാ. അക്കര പയസ് | 31.10.1948 |
| ഫാ. മാളിയേക്കൽ തോമസ് Jr. | 18.10.1950 |
| ഫാ. ഊക്കൻ ജോൺ | 13.10.1956 |
| ഫാ. ഇരിമ്പൻ തോമസ് | 28.10.1957 |
| ഫാ. ചെറുനിലം മാത്യു | 13.10.1965 |
| ഫാ. വാലിക്കോടത്ത് ജോർജ്ജ് | 17.10.1968 |
| ഫാ. ആട്ടോക്കാരൻ ജോസഫ് | 29.10.1970 |
| ഫാ. പൊറത്തൂർ ജോൺ | 17.10.1972 |
| ഫാ. കാളച്ചേരി തോമസ് | 05.10.1977 |
| ഫാ. മണ്ടുംപാല പീറ്റർ | 09.10.1987 |
| ഫാ. ചെറുവത്തൂർ ജോൺ | 11.10.1990 |
| ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ് | 04.10.1991 |
| ഫാ. പല്ലിശ്ശേരി പോൾ | 02.10.1997 |
| ഫാ. ചൊവ്വല്ലൂർ ജേക്കബ് | 24.10.1999 |
| ഫാ. പാലത്തിങ്കൽ തോമസ് | 26.10.2004 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.10.2008 |
| മോൺ. വിളങ്ങാടൻ ജോസഫ് | 09.10.2011 |
| ഫാ. ചീരൻ സിജോ | 13.10.2014 |
| ഫാ. ജോസ് ആലപ്പാട്ട് | 29.10.2015 |
| ഫാ. കണ്ണാത്ത് ജോർജ്ജ് | 11.10.2016 |
| ഫാ. ചാലക്കൽ തോബിയാസ് | 28.10.2020 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ആഗസ്റ്റ് 2024**

### എസ് എ ബി എസ്

മഴവെള്ളം കയറിയ നെന്മണിക്കര കോൺവെന്റ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും സന്ദർശിച്ചു. ജൂനിയർ സിസ്റ്റേഴ്സിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പീറ്റർ ജൂലിയൻ എയ്മാഡിന്റെ തിരുന്നാൾ ആഗസ്റ്റ് 3 ന് ആഘോഷമായ വിശുദ്ധ ബലി, തിരുമണിക്കൂർ തുടങ്ങിയ പരിപാടികളോടെ നടത്തി. ആഗസ്റ്റ് 7 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ മാർച്ച് ഫോർ ലൈഫിന്റെ ഭാഗമായി നടന്ന മീറ്റിംഗിൽ പങ്കെടുത്തു. ജൂണിയേഴ്സ് സിസ്റ്റേഴ്സിനായി സഭാതലത്തിൽ നടക്കാനിരിക്കുന്ന പരീക്ഷയ്ക്ക് ഒരുങ്ങുവാനായി എല്ലാ ജൂനിയർ സിസ്റ്റേഴ്സും ആഗസ്റ്റ് 9 മുതൽ 11 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിലെത്തി. കോമൺ ഡിറക്ട്രസ് സി. മേഴ്സിറ്റ കണ്ണമ്പുഴ ഇവർക്ക് ക്ലാസുകൾ നൽകി. ജനിക്കാനും ജീവിക്കാനും ഉള്ള അവകാശം നിഷേധിക്കരുതെന്ന സന്ദേശമുയർത്തി ആഗസ്റ്റ് 10 ന് അന്തർദേശീയതലത്തിൽ നടന്ന 'മാർച്ച് ഫോർ ലൈഫ്' പരിപാടിക്ക് തൃശൂർ അതിരൂപത ആതിഥ്യമരുളിയപ്പോൾ അന്നേ ദിവസം നടന്ന സെമിനാർ, വിശുദ്ധ ബലി, റാലി തുടങ്ങിയവയിൽ പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും നിന്നുള്ള സാധിക്കുന്നത്ര സിസ്റ്റേഴ്സ് പങ്കെടുത്തു. ആഗസ്റ്റ് 11 ന് വേലൂപ്പാടം സെന്റ് ജോസഫ്സ് ദേവാലയത്തിൽ യുവജനങ്ങൾക്കായി സി. ഷാൻ മരിയ പാല്യേക്കര ക്ലാസ് നൽകി. ആഗസ്റ്റ് 15 ന് മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ദിനത്തിൽ ജൂണിയർ സിസ്റ്റേഴ്സ് കോമൺ ഡിറക്ട്രസ് സി. മേഴ്സിറ്റ കണ്ണമ്പുഴയോടൊപ്പം പുല്ലഴി ക്രിസ്റ്റീന ഹോം സന്ദർശിച്ചു. ആഗസ്റ്റ് 17 ന് പടവരാട് ശാന്തി ഭവൻ, എസ് എച്ച് എന്നീ ഭവന സമൂഹങ്ങളിൽ നിന്ന് മരണമടഞ്ഞ 16 സിസ്റ്റേഴ്സിനായി വിശുദ്ധ ബലിയും മറ്റ് പ്രാർത്ഥനകളും നടത്തി. വീട്ടുകാരും മറ്റ് സിസ്റ്റേഴ്സും ചടങ്ങിൽ പങ്കെടുത്തു. അന്നേ ദിനം പടവരാട് വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി. ആഗസ്റ്റ് 26 ന് ജൂണിയർ സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടെ സംഗമം നടത്തി. റവ. ഫാ. ജോസഫ് എറമ്പിൽ വി സി ക്ലാസ് നയിച്ചു. ആഗസ്റ്റ് 28 ന് പടവരാട് പോസ്റ്റുലൻസ് ഹൗസിൽ വച്ച് പോസ്റ്റുലൻസ് ഡേ ആഘോഷിച്ചു. ബഹു. പ്രോവിൻ

ഷ്യാളമ്മയും ജനറൽ കൗൺസിലർ സി. റോസ് തെരേസ് ചീരക ത്തിലും സന്നിഹിതരായിരുന്നു. അന്നേദിനം ചേറ്റുപുഴ പ്രൊവിൻ ഷ്യൽ ഹൗസിൽ വച്ച് നടത്തിയ ജാഗരണ പ്രാർത്ഥനയിൽ മറ്റ് ഭവനസമൂഹങ്ങളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു. ആഗസ്റ്റ് 29 മുതൽ 31 വരെ പാലയൂർ മഠത്തിൽ വച്ച് പ്രായമായ സിസ്റ്റേഴ്സിനു വേണ്ടി മാനന്തവാടി പ്രോവിൻസിലെ സി. സെലിൻ ധ്യാനം നയിച്ചു. ആരാധനാ സന്യാസിനി സമൂഹാംഗങ്ങളിൽ നിന്നും വന്നു പോയ തെറ്റുകൾക്ക് പരിഹാരമായി ബ. ജനറാളമ്മയുടെ ആഹ്വാ നപ്രകാരം ആഗസ്റ്റ് 31 ന് പരിഹാരാധന നടത്തി.

**എഫ്. സി. സി.**

ആഗസ്റ്റ് 11-ാം തീയതി വി. ക്ലാരയുടെ തിരുന്നാളിനോടനുബ ന്ധിച്ച് പ്രോവിൻസിന്റെ ഉപകാരികളായ വൈദീകർക്കായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ക്ലേരിയൻസ് ഇൻ ഫെല്ലാ ഷിപ്പിൽ 50-ഓളം വൈദീകർ പങ്കെടുത്തു. പ്രോവിൻസിലെ വചനാ മൃതം ടീമിന്റെ നേതൃത്വത്തിൽ തിരൂർ സിയോൻ റിന്യുവൽ സെന്റ റിൽ വച്ച് 6,7,8 ക്ലാസിലെ പെൺകുട്ടികൾക്കായി നടത്തിയ ധ്യാന ത്തിൽ 127 കുട്ടികൾ പങ്കെടുത്തു. ആഗസ്റ്റ് 14 മുതൽ 16 വരെ അസ്സീ സിയിൽ വച്ച് ജൂനിയർ സിസ്റ്റേഴ്സിന് മാസധ്യാനം നടത്തി. ആഗസ്റ്റ് 17-ാം തീയതി പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിന്റെ സുവർ ണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിലും തുടർ ന്നുള്ള സ്നേഹവിരുന്നിലും പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു ആഗസ്റ്റ് 19 മുതൽ 21 രാവിലെ വരെ സോണൽ തലത്തിലുള്ള Synodal Journey ക്കായി പ്രോവിൻസിലെ 4 സോണുകളും പ്രൊവിൻ ഷ്യൽഹൗസിൽ ഒന്നിച്ചുകൂടി. ആഗസ്റ്റ് 20-ാം തീയതി ഗുരുവായൂർ പുഷ്പാലയ ഭവനത്തിൽ വച്ച് ഉപവാസപ്രാർത്ഥനാസമ്മേളനം നടത്തി.

കുറുമാൽ ഗാഗുൽത്താ ധ്യാന സെന്ററിൽ വച്ച് ആഗസ്റ്റ് 23, 24 തീയതികളിൽ അസ്സീസി പ്രോവിൻസിന്റെ വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ 7-ാം ക്ലാസിലെ ആൺകുട്ടികൾക്കായി നടത്തിയ ധ്യാനത്തിൽ പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ 65 ആൺകുട്ടികൾ സംബന്ധിച്ചു. ഇലക്ഷൻ സിനാക്സിസിനൊരുക്ക മായി ആഗസ്റ്റ് 25-ാം തീയതി വൈകീട്ട് 6 മണി മുതൽ 28-ാം തീയതി രാവിലെ വരെ പ്രൊവിൻഷ്യൽഹൗസിൽ വച്ച് ബ. ഫാ. റിന്റോ പുതുശ്ശേരി സി.എം.ഐയുടെ നേതൃത്വത്തിൽ നടന്ന തപസ്സു ധ്യാന ത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ സിനാക്സിസ് അംഗ ങ്ങൾ 85 പേർ സംബന്ധിച്ചു. ആഗസ്റ്റ് 25-ാം തീയതി മരണമടഞ്ഞ

മുൻ അസി. സുപ്പീരിയർ ജനറലും, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറും ആയ ബ. സി. റോസ് വെർജിനിയയുടെ മൃതശരീരം 28-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ കൊണ്ടുവരികയും ബ. ഫാ. റിന്റോ പുതുശ്ശേരി സി.എം.ഐ യുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബ. ഫാ. മാത്യു നായ്ക്കംപറമ്പിൽ വി.സി & ടീം നയിച്ച പ്രാർത്ഥനാ ശുശ്രൂഷയിൽ 130 സിസ്റ്റേഴ്സ് പങ്കെടുത്തു. ആഗസ്റ്റ് 30-ാം തീയതി മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഹയർ സെക്കണ്ടറി സ്കൂളിന്റെ രജത ജൂബിലിവർഷാരംഭം പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി ഉദ്ഘാടനം ചെയ്തു.

**സി. എസ്. എസ്.**

പരിശുദ്ധഅമ്മയുടെ ജനനതിരുന്നാളിന് ഒരുക്കമായി 33 ദിവസത്തെ പരിശുദ്ധ അമ്മയോടുള്ള വിമലഹൃദയ പ്രതിഷ്ഠ എല്ലാ ഹൗസുകളിലും ആഗസ്റ്റ് ആറാം തിയതി മുതൽ ആരംഭിച്ചു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതയിൽ ആഗസ്റ്റ് 10 ന് നടത്തപ്പെട്ട ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിൽ സാധിക്കുന്നിടത്തോളം സിസ്റ്റേഴ്സ് പങ്കെടുത്തു. സ്വർഗ്ഗാരോപിതമാതാവിന്റെ തിരുന്നാളിന് ഒരുക്കമായി അഖണ്ഡജപമാലയും ജെറിക്കോ പ്രാർത്ഥനയും നടത്തപ്പെട്ടു. വി. എവുപ്രാസ്യാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് എവുപ്രാസ്യാമ്മയുടെ കബറിടം സന്ദർശിക്കുകയും വി. കുർബാനയിൽ പങ്കെടുക്കുകയും ചെയ്തു. സേക്രഡ്ഹാർട്ട് പുല്ലൂർ, കാരുണ്യ, എന്നീ ഭവനങ്ങളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ കാനോനിക സന്ദർശനം നടത്തി. സീറോ മലബാർ സഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ പങ്കെടുത്തു.

**സി. എം. സി.**

ജൂലൈ 1 ന് പുതിയതായി പണിതീർത്ത തൃശൂർ സെന്റ് ആൻസ് കോൺവെന്റ് കെട്ടിടം തൃശൂർ അതിരൂപത മെത്രാപോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ആശീർവദിച്ചു. ജൂലൈ 7 ന് വിവിധ സെക്രട്ടറിയേറ്റിന്റെ മീറ്റിങ്ങുകൾ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്നു. മൂന്ന് ദിവസത്തെ ഒരുക്കത്തിനുശേഷം ജൂലൈ 16 ന് 4 അർഥിനികൾ കാൻഡിഡസിയിൽ പ്രവേശിച്ചു. ജൂലൈ 16, പരി.കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ CMC സിസ്റ്റേഴ്സും ദിവ്യബലി മധ്യേ തങ്ങളുടെ വ്രതനവീകരണം നടത്തി. ജൂലൈ 17 മുതൽ

25 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് Rev. Fr. Jilto CMI യുടെ നേതൃത്വത്തിൽ Superiors ന് വാർഷികധ്യാനം നടത്തുകയുണ്ടായി. ജൂലൈ മാസത്തിൽ കുരിയച്ചിറ സെന്റ് ജോൺസ്, ചൂണ്ടൽ സെന്റ് ജോസഫ്, ചൂണ്ടൽ സാൻതോം, ചേറൂർ സെന്റ് സേവ്യേഴ്സ്, തൃശൂർ സെന്റ് ആൻസ് എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി.

ആഗസ്റ്റ് 3, 4 തിയതികളിൽ 2012-2023 ൽ നിത്യവ്രതം ചെയ്ത ബാച്ചുകാർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നവീകരണഗാതറിംഗ് നടത്തി. 36 സിസ്റ്റേഴ്സ് പങ്കെടുത്തു. Rev.Fr. Tijo Mullakkaraയുടെ ക്ലാസും പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ സന്ദേശവും ഇവർക്ക് ആത്മീയ കരുത്ത് നൽകി. ആഗസ്റ്റ് 8 മുതൽ 6 ദിവസം Expossure Programme നായി Postulants 7 പേർ ചെന്നായ്പാറ 'ആകാശപറവകൾ' സ്ഥാപനത്തിൽ സ്നേഹശുശ്രൂഷ ചെയ്തു. ആഗസ്റ്റ് 10 ന് അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന മാർച്ച് ഫോർ ലൈഫ് 2024 ന്റെ റാലിയിൽ ധാരാളം സിസ്റ്റേഴ്സ് മനുഷ്യജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കാൻ കൈകോർക്കുകയും ചെയ്തു. ആഗസ്റ്റ് 14 ന് DBCLC യിൽ CRI Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ പങ്കെടുത്തു. ആഗസ്റ്റ് 17 ന് ആലുവ ജനറലേറ്റിൽ വെച്ച് നടന്ന ആഘോഷമായ ദിവ്യബലിമധ്യേ തൃശൂർ പ്രോവിൻസിൽ നിന്ന് 4 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. 18 ന് സെന്റ് വിൻസെന്റ് ഡിപോൾ ഹോസ്പിറ്റലിൽ വെച്ച് നടന്ന ഹോസ്പിറ്റൽ സിസ്റ്റേഴ്സിന്റെ സംഗമത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനെ ആദരിച്ചു.

ആഗസ്റ്റ് 18 ന് എടത്തുരുത്തി പള്ളിയിൽനിന്നുള്ള എവുപ്രാസ്യ ദീപശിഖാപ്രയാണം ഒല്ലൂർ വി. എവുപ്രാസ്യതീർഥകേന്ദ്രത്തിൽ എത്തിയപ്പോൾ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ സന്നിഹിതയായിരുന്നു. Socialwork Councillor Sr. Mariette ന്റെ നേതൃത്വത്തിൽ St.Mary's College Auditorium ൽ വെച്ച് കെയ്റോസ്, ഉജ്ജീവനം ഗ്രൂപ്പുകളിലെ അംഗങ്ങൾ ആഗസ്റ്റ് 20 ന് എവുപ്രാസ്യ ഡേ ഘോഷിച്ചു. 270 പേർ വന്നിരുന്നു. Bro. Sunny Kattukaran ന്റെ മൂല്യാധിഷ്ഠിത ക്ലാസും തുടർന്ന് മത്സരങ്ങളും അവർക്കായി സംഘടിപ്പിച്ചിരുന്നു. ആഗസ്റ്റ് 20-29 ദിവസങ്ങളിൽ ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപത തീർഥകേന്ദ്രത്തിൽ ആഘോഷമായ ദിവ്യബലിയും നൊവേനയും ഉണ്ടായിരുന്നു. ആഗസ്റ്റ് 29 ന് വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ദിനത്തിൽ തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ ദിവ്യബലിയും തിരുകർമങ്ങളും നടന്നു. റവ.ഫാ. ജോൺ പോൾ ചെമ്മണ്ണൂർ വചന സന്ദേശം നൽകി. ധാരാളം വിശ്വാസികൾ തിരുകർമങ്ങളിൽ പങ്കെടു

ക്കുകയും അമ്മയുടെ കബറിടത്തിൽ പ്രാർഥിക്കുകയും അനുഗ്രഹം നേടുകയും ചെയ്തു. ജപമാലപ്രദക്ഷിണത്തിലും ഊട്ടുനേർച്ചയിലും അനേകായിരങ്ങൾ പങ്കെടുത്തു.

നടത്തറ ഹോളി റെഡീമേഴ്സ്, കോലഴി ഹോളി ട്രിനിറ്റി, കുരിയച്ചിറ സെന്റ് പോൾസ്, ഒല്ലൂർ ലേഡി ഫാറ്റിമ, ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരി യർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി. ആഗസ്റ്റ് 31 ന് KCMS Meeting ലും പഠനശിബിരത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിനും 2 സിസ്റ്റേഴ്സും പങ്കെടുത്തു.

## ആദരാഞ്ജലികൾ



പടവരാട് ശാന്തിഭവൻ മഠാംഗമായിരുന്ന സി. അനാക്ലേറ്റ് പുല്ലേലി(84) ആഗസ്റ്റ് 13 ന് മരണമടഞ്ഞു.14 ന് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ സംസ്ക്കാരശുശ്രൂഷ നടത്തി.



25.08.2024 എഫ്.സി.സി മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. സി. റോസ് വെർജീനിയ (79) ആഗസ്റ്റ് 25-ാം തീയതി പുർച്ചെ 3.20 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 29-ാം തീയതി രാവിലെ 11.30 ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



15.08.2024 സി.എം.സി. ചൂണ്ടൽ സാൻതോം മഠാംഗമായ സി. ആബേൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത മെത്രാപോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളെ,

നിങ്ങൾക്കെല്ലാവർക്കും സുഖം തന്നെയെന്ന് വിശ്വസിക്കുന്നു. എന്നോട് സുഖാന്വേഷണങ്ങൾ നടത്തിക്കൊണ്ട് നിങ്ങളിൽ പലരും അയയ്ക്കുന്ന കത്തുകൾ എനിക്കു ലഭിക്കുന്നുണ്ട്. നിങ്ങൾ കാണിക്കുന്ന സ്നേഹത്തിന് നന്ദി പറയുന്നു.

ഒക്ടോബർ മാസം ജപമാല ഭക്തിയ്ക്ക് പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള മാസമാണെന്ന് നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ടു തന്നെ, ഈ മാസത്തിൽ ഒരു ദിവസം ഒരു ജപമാലയെങ്കിലും വ്യക്തിപരമായി ചൊല്ലാൻ മറക്കരുത്. നിങ്ങളുടെ ഭവനങ്ങളിലും മുടങ്ങാതെ ജപമാല ചൊല്ലുമല്ലോ. കഴിയുമെങ്കിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്ന് അതു ചെയ്യുക. ഫാ. പാട്രിക് പെയ്റ്റൺ പറഞ്ഞതുപോലെ,'ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം, ഒന്നിച്ചു നിൽക്കുന്നു'. ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബം കൂട്ടായ്മയിൽ വളരുന്നു.

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞു:'ജപമാല ചൊല്ലുക എന്നാൽ മറിയത്തോടൊപ്പം ഈശോയുടെ തിരുമുഖം ധ്യാനിക്കുക എന്നതാണ്'. പ്രിയ കുഞ്ഞുങ്ങളെ,പത്തു'നന്മ നിറഞ്ഞ മറിയമേ' ഉൾക്കൊള്ളുന്ന ഓരോ ദശകത്തിനു മുമ്പും രക്ഷാകര ചരിത്രത്തിലെ ഒരു സംഭവം നാം വായിക്കുന്നുണ്ടല്ലോ. അതിനുശേഷം 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന പത്തു തവണ ആവർത്തിക്കുമ്പോൾ മറിയത്തോടൊപ്പം ആ രഹസ്യം ധ്യാനിക്കുകയാണ് നാം ചെയ്യേണ്ടത്. ഇത്തരത്തിൽ ധ്യാനിക്കുന്നതിലൂടെ നമ്മുടെ ജീവിതങ്ങളും പതിയെപ്പതിയെ ഈശോയുടെ ജീവിതം പോലെയാകും.സാധിക്കുമെങ്കിൽ, മുതിർന്ന കുഞ്ഞുങ്ങൾ, ഈ മാസത്തിൽ,'കന്യക മറിയത്തിന്റെ ജപമാല' എന്ന വി. ജോൺപോൾ രണ്ടാമന്റെ ചാക്രികലേഖനം (ഒക്ടോബർ, 2002) വായിക്കണം. മനോഹരമായ ഒരു കൊച്ചുപുസ്തകമാണത്.

ഒക്ടോബർ 20ാം തിയതിയാണല്ലോ ഇത്തവണ മിഷൻ ഞായറായി നാം ആചരിക്കുന്നത്.മത്തായി 22: 9 ആസ്പദമാക്കി, 'പോയി എല്ലാവ

രേയും വിരുന്നിനു ക്ഷണിക്കുവിൻ' (Go and Invite Everyone to the Banquet) എന്ന ചിന്താവിഷയമാണ്2024ലെ ലോക മിഷൻ ഞായറി നോടനുബന്ധിച്ച് ഫ്രാൻസിസ് മാർപ്പാപ്പ നല്കിയിരിക്കുന്നത്. ആയിരി ക്കുന്ന ഇടങ്ങളിൽ ഈശോയെന്ന ഏക ലോകരക്ഷകന്റെ സ്നേഹത്തിലേക്ക് മറ്റുള്ളവരെക്ഷണിക്കാൻ നിങ്ങൾക്കു സാധി ക്കണം. അതോടൊപ്പം, മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നവരെ, നിങ്ങളുടെ പ്രാർത്ഥന കൊണ്ടും, മിഷൻ ഞായറിലെ പ്രവർത്തന ങ്ങളിലുള്ള സഹകരണം കൊണ്ടും സഹായിക്കാനും ഞാൻ ആഹ്വാ നം ചെയ്യുന്നു.

ഈ മാസത്തിൽജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോൾ, പ്രത്യേക നിയോഗമായി, മിഷൻ പ്രദേശങ്ങളിൽ ആയിരിക്കുന്നവരേയും, വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്നു ദുരിതമനുഭവിക്കുന്ന വരേയും മറിയം വഴി ഈശോയ്ക്കു സമർപ്പിക്കാൻ മറക്കരുത്. ഒക്ടോബർ മാസത്തിൽ പ്രത്യേകമായി, ജപമാല ഭക്തിയിലും പ്രേ ഷിത ചൈതന്യത്തിലും നിങ്ങൾ വളരാൻഇടവരട്ടെ എന്നു പ്രാർ ത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

ഒക്ടോബർ മാസം ജപമാലമാസമായി നമ്മൾ ആചരിക്കുക യാണല്ലോ. ജപമാലമാസത്തിൽ മരിയഭക്തിയിൽ വളർന്ന് ജപമാ ലകൾ ചൊല്ലി നമുക്ക് മരിയൻ പടയാളികളാകാം. പരി. മാതാവി നോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ ആവശ്യമാണ്. അർദ്ധവാർഷിക പരീക്ഷകൾ ആരംഭിക്കുകയാണല്ലോ. കുട്ടികൾ അർദ്ധവാർഷികപരീക്ഷക്കു നന്നായി ഒരുങ്ങുകയും പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്യുക.

### I. Sunday Catechism

**1. ഒക്ടോബർ മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

ക്രിസ് ഫോം 1 ഒക്ടോബർ 18 20, 25 27

**2. സാമൂഹിക പ്രതിബദ്ധതാദിനം**

ഒക്ടോബർ 2 ബുധൻ 11, 12, എസിസി ക്ലാസ്സുകാർക്ക്

**3. അർദ്ധവാർഷികപരീക്ഷകൾ**

ഒക്ടോബർ 06 – Std. I, III, V, VII, IX, XI

ഒക്ടോബർ 13 – Std. II, IV, VI, VIII, X, XII, ACC

**4. മാർക്ക് എൻട്രിയും ഹാജരും:**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും അർദ്ധവാർഷിക പരീക്ഷാതിയതി ഉൾപ്പെടെയുള്ള ഹാജരും പുനഃപരീക്ഷ എഴുതുന്ന വരുടെ രജിസ്ട്രേഷനും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയ്യതി നവംബർ 11 ആണ്. നവംബർ 11നു ശേഷം ഹാജർ രേഖ പ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**5. വി.ചാൾസ് ബൊറോമിയായുടെ തിരുനാൾ**

വി. ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 3 ന് ഇടവകതലത്തിൽ വിശ്വാസപരിശീലകദിനം വിപു ലമായ പരിപാടികളോടെ ആഘോഷിക്കേണ്ടതാണ്.

**6. SMCC:**

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസ്സ് വിദ്യാർ ത്ഥികൾക്ക് നവംബർ 9, 10 തിയതികളിൽ DBCLC യിൽ വെച്ച് ക്യാമ്പ് നടക്കുന്നു. ആദ്യദിനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കായിരിക്കും രണ്ടാം ദിവസത്തെ ക്യാമ്പ്

**7. STD. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം STD. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോ ഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix) ആണ് അപ്ലോഡ് ചെയ്യേണ്ടത്.)

**08. ലീഡേഴ്സ് മീറ്റ്**

ഡിസംബർ 1ന് 9.30 am 4 pm വരെ 11, 12, എസിസി ക്ലാസ്സുകാർക്ക്.

**09. പാരന്റ്സ് മീറ്റ്**

അതിരൂപതാതലത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ

മാതാപിതാക്കളുടെ ഒരു സംഗമം ഡിസംബർ 22ന് 9.30 am - 4 pm വരെ നടത്തുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. (വാർഷിക പ്രോഗ്രാമിൽ ഡിസംബർ 15 ആണ് കൊടുത്തിരിക്കുന്നത്)

**10. വിശ്വാസപരിശീലക കോൺഫ്രൻസ്**

ഡിസംബർ 14ന് അതിരൂപതാതലത്തിൽ എല്ലാ വിശ്വാസപരിശീലകരുടേയും സംഗമം നടത്തുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**11. സർവ്വീസ് അവാർഡ് ദിനം** – ജനുവരി 26

a) സർവ്വീസ് അവാർഡ്

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേണ്ടതാണ്.

b) മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്

2023–2024 അധ്യയന വർഷം വരെ 10, 20, 30 വർഷങ്ങൾ മുടങ്ങാതെ വന്നിട്ടുള്ള അധ്യാപകരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

c) റിട്ടയേർഡ് അധ്യാപർക്കുള്ള ആദരം

ഈ വർഷം വിശ്വാസപരിശീലനത്തിൽ നിന്നും 65 വയസ്സായി വിരമിച്ചവരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

**12. Teachers Excellence Award**

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ഫസ്റ്റ്, സെക്കന്റ്, അവാർഡ് ലഭിച്ചിട്ടുള്ള വിശ്വാസപരിശീലകരെ സർവ്വീസ് അവാർഡ് ദിനത്തിൽ അനുമോദിക്കുന്നു. അതിനായി ലഭിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പിയിൽ വികാരിയച്ചന്റെ റെക്കമെന്റേഷനോടു കൂടിയ അപേക്ഷ വിശ്വാസപരിശീലന കേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

**13. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2024**

യൂണിറ്റ് തലം – 2024 ഡിസംബർ 1, ഞായർ (03.00 pm - 04.30 pm), പാഠ്യഭാഗം: 'വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം' ഈ പുസ്തകത്തിന്റെ 9 മുതൽ 17 വരെയുള്ള അധ്യായങ്ങൾ

അതിരൂപതാതലം: DBCLC, 2024 ഡിസംബർ 29, ഞായർ (02.30 pm - 04.30 pm) അധികപാഠ്യഭാഗം: വെളിപാട് 10, 11, 12 അധ്യായങ്ങൾ

**14. ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ**

ഡിസംബർ 29, ഞായർ–03.00 pm - 04.30 pm

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Catechetics (Rev. Dr. Sajan Pindiyan), Psalms and Wisdom Literature (Rev. Dr. Davis Panakkal CMI), Theology of Justice (Rev. Dr. Denny Thanikkal) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

സെപ്റ്റംബർ 07ന് സുവിശേഷങ്ങൾ (Rev. Dr. Davis Panakkal), സെപ്റ്റംബർ 22 ന് ആധ്യാത്മിക ദൈവശാസ്ത്രം (Rev. Dr. Dijo Olakkengil), എന്നീ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Online Certificate Course in Theology (Two Years)**

സെപ്റ്റംബർ 07, 20 എന്നീ ദിവസങ്ങളിൽ Comprehensive Oral

Exam നടന്നു.

**5. Basic Bible Course (BBC)**

സെപ്റ്റംബർ, ഒക്ടോബർ മാസം ക്ലാസ്സ് നയിച്ചവർ– Rev. Fr. Linson Thattil, Rev. Dr. Davis Panakkal CMI

**6. Certificate Course on Guidance and Counselling**

Rational Emotive Behaviour Therapy (Rev. Sr. Metilda CHF), Existential Therapy (Rev. Dr. Alex Marottickal) എന്നീ ക്ലാസ്സുകൾ നടന്നു.

**7. Certificate Course in Sacred Liturgy**

സെപ്റ്റംബർ മാസത്തിൽ Liturgical Music and Popular Devotions (Rev. Dr. Sinto Porathur), Eucharist in the Old Testament and Jewish Tradition, in the Gospels and Pauline Theology of the Eucharist (Rev. Dr. Davis Panakkal) എന്നീ ക്ലാസ്സുകൾ നടന്നു.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

## എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21–09–2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ്ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്.

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

2024 സെപ്റ്റംബർ 21 മുതൽ പുതിയ ബാച്ചുകൾ ആരംഭിച്ചു

അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.

**Excel Foundation Course**

2024 ജൂലായ് 13–ാം തിയതി ശനിയാഴ്ച ആരംഭിച്ച Excel Foundation Coursesâ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ളാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

ജൂലായ് മാസത്തിൽ ആരംഭിച്ച കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9895525077

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

## മേരിമാതാ മേജർ സെമിനാരി

**സ്വാതന്ത്ര്യദിനം**

ഓഗസ്റ്റ് 15 ന് മേരിമാത മേജർ സെമിനാരിയിൽ 78ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയുണ്ടായി. തൃശൂർ അതിരൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട മോൺ. ഫാ. ജോസ് വല്ലൂരാൻ വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമികത്വം വഹിക്കുകയും ദേശീയപതാക ഉയർത്തുകയും ചെയതു. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, ഫാ. ജോസ് മരിയദാസ് എന്നിവർ വിശുദ്ധ കുർബാനയ്ക്ക് സഹകാർമ്മികരായിരുന്നു.

**PAROC Research Institute പത്താം വാർഷികാഘോഷം**

ഓഗസ്റ്റ് 16 ന് PAROC Research Institute സ്ഥാപിതമായതിന്റെ

പത്താം വാർഷികാഘോഷം ആരംഭിക്കുകയുണ്ടായി. അന്നേദിവസം വിശുദ്ധ കുർബാനയ്ക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു. മാർ ടോണി നീല ങ്കാവിൽ സുവിശേഷസന്ദേശം നൽകി. സെമിനാരിയിലെയും PAROC Research Institute-ലെയും വൈദികർ സഹകാർമ്മികരായിരുന്നു.

**മാസധ്യാനം**

ഓഗസ്റ്റ് 16,17 തീയതികളിൽ ബഹുമാനപ്പെട്ട ഫാ. റോയ് വേള ക്കൊമ്പിൽ ദൈവത്തിന്റെ കരുണയും സ്നേഹവും എന്നീ വിഷയ ങ്ങളെ വചനാധിഷ്ഠിത ധ്യാനചിന്തകളായി പങ്കുവെച്ചു. അന്നേ ദിവസം മാനുഷികപരിശീലനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ഫാദർ ബേർണി വർഗീസ് കപ്പൂച്ചിന്റെ നേതൃത്വത്തിൽ Inner Healing Session നടക്കുക യുണ്ടായി. ആന്തരിക മുറിവുകൾ അജപാലന രംഗത്ത് ഉണ്ടാക്കുന്ന ഭവിഷത്തുകളെ തിരിച്ചറിയുവാൻ ഇത് സഹായകമായി.

**Common Drama**

ഓഗസ്റ്റ് 31-ാം തീയതി മേരിമാത തിയറ്റേഴ്സ് അണിയിച്ചൊരുക്കിയ നാടകം 'പാന' അരങ്ങേറുകയുണ്ടായി. ബഹുമാനപ്പെട്ട ഫാദർ ഫിജോ ആലപ്പാടൻ നാടകത്തിന്റെ രചനയും സംവിധാനവും നിർ വഹിച്ചു. സെമിനാരിയിലെ വൈദിക വിദ്യാർഥികൾ മിഷനറിയായ അർണോസ് പാതിരിയുടെ ജീവചരിത്രം മികവോടെ കാണികൾക്ക് മുമ്പിൽ അവതരിപ്പിക്കുകയുണ്ടായി.

**അനുശോചനം**

മേരിമാത മേജർ സെമിനാരിയിൽ കഴിഞ്ഞവർഷം തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ ബ്രദർ നോയൽ തെക്കേക്കരയുടെ ആക സ്മികമായ നിര്യാണത്തിൽ മേരിമാത കുടുംബം അനുശോചനങ്ങൾ രേഖപ്പെടുത്തി. സെമിനാരിയിൽ പ്രത്യേക പ്രാർത്ഥന ശുശ്രൂഷകളും വിശുദ്ധ കുർബാനയും ബ്രദർ നോയലിന്റെ ആത്മശാന്തിക്കായി അർപ്പിക്കുകയുണ്ടായി.

**ഓണാഘോഷം**

വയനാട് ദുരന്തത്തിന്റെയും ബ്രദർ നോയലിന്റെ ആകസ്മികമായ വിയോഗത്തിന്റെയും സ്മരണയിൽ സെപ്റ്റംബർ 5 ന് ഓണാഘോ ഷങ്ങൾ വളരെ ലളിതമായാണ് നടത്തിയത്.

**Semester Exams**

ദൈവശാസ്ത്ര തത്വശാസ്ത്ര വിദ്യാർത്ഥികളുടെ പരീക്ഷകൾ സെപ്റ്റംബർ 7 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ നടക്കുകയുണ്ടായി.

**മാസധ്യാനം**

സെപ്റ്റംബർ 13,14 തീയതികളിൽ ബഹുമാനപ്പെട്ട ഫാ. ബിജു ജോർജ് സി.എം.ഫ് മാസധ്യാനചിന്തകൾ നൽകുകയുണ്ടായി.

**Mission Exposure Programme**

വൈദിക വിദ്യാർഥികൾക്ക് മിഷൻ പ്രവർത്തനങ്ങളെ കൂടുതൽ അടുത്തറിയുന്നതിന് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ മേരിമാത മേജർ സെമിനാരി സംഘടിപ്പിക്കുന്ന മിഷൻ എക്സ്പോഷർ പ്രോഗ്രാം നടത്തപ്പെട്ടു. മധ്യപ്രദേശിലെ ഉജ്ജയിൻ രൂപതയിലേക്ക് ബഹുമാനപ്പെട്ട ഡീക്കന്മാർ നടത്തിയ മിഷൻ യാത്രയ്ക്ക് ബഹു. ഫാ. ഡേവിസ് കാവുങ്കൽ, ഫാ. ഫ്രീജോ പാറക്കൽ എന്നിവർ നേതൃത്വം നൽകി.  ബഹു. ഫാ. സജി കണയങ്കൽ, ഫാ. സിന്റോ പൊറുത്തൂർ എന്നിവരുടെ നേതൃത്വത്തിൽ രണ്ടാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ തങ്ങളുടെ മിഷൻ അനുഭവത്തിനായി തിരഞ്ഞെടുത്തത് മധ്യപ്രദേശിലെതന്നെ സാഗർ രൂപതയാണ്.

**Work Exposure Programme**

സെപ്റ്റംബർ 14 മുതൽ 22 വരെയുള്ള തീയതികളിൽ വൈദിക വിദ്യാർഥികൾ വിവിധ ഇടങ്ങളിലേക്ക് Work Exposure നായി പോവുകയുണ്ടായി.

**അവധിക്കാലം**

മേരിമാത മേജർ സെമിനാരിയിലെ ഈ അധ്യയന വർഷത്തിലെ ആദ്യഅവധിക്കാലം സെപ്റ്റംബർ 23 ന് ആരംഭിച്ച് ഒക്ടോബർ 5 ന് അവസാനിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ശ്രീ. സെബാസ്റ്റ്യൻ ജോസഫ്, മുഞ്ഞനാട്ട് കുടുക്കശ്ശേരി ഹൗസ്, ചേറൂർ, തൃശ്ശൂർ.

2. ശ്രീ ജോസഫ് എരിഞ്ഞേരി, എരിഞ്ഞേരി ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ.

Individual Benefactor Membership

1. റവ. സിസ്റ്റർ ഒലിവ എഫ്. സി. സി. C/0 ശ്രീ. ബിജു വർഗീസ്, കളപ്പുരയ്ക്കൽ ഹൗസ്, മാള പള്ളിപ്പുറം.

Individual Well Wisher Membership

1. മിസ്. ജിജു ജോർജ്, കുഴിക്കണ്ടത്തിൽ ഹൗസ്, അത്തേക്കാട്, കോലഴി.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**

റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി ആയുർവേദത്തിന്റെ മികവ് കിർഗിസ്താൻ അംബാസിഡറുടെ ശ്രദ്ധ പിടിച്ചുപറ്റി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കിർഗിസ്താൻ അംബാസിഡർ അഷ്കർ ബെഷിമോവ് സന്ദർശനം നടത്തി. അദ്ദേഹത്തിനോടൊപ്പം ഭാര്യയും കിർഗിസ്താൻ എംബസി കൗൺസിലർ അസമാത് സെയ്ദിബാലിയേവും ഉണ്ടായിരുന്നു. രാമവർമ്മപുരം കാമ്പസിലെ ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സന്ദർശനം നടത്തിയ അംബാസിഡർ, ആയുർവേദത്തിന് ആധുനിക ലോകത്തുള്ള പ്രസക്തി എടുത്തുപറഞ്ഞു. ഡോക്ടർമാർ ആയുർവേദത്തിന്റെ ചികിത്സാ രീതികൾ വിശദീകരിച്ചു. തുടർന്ന്, മെഡിക്കൽ വിദ്യാർത്ഥികളുമായി സംവദിച്ചു. കിർഗിസ്താൻ സർക്കാറുമായി സഹകരിച്ച് ആരോഗ്യമേഖലയിൽ പുതിയ സാധ്യതകൾ തേടാനുള്ള തീരുമാനവും യോഗത്തിൽ ഉണ്ടായി.

**കരിദിനാചരണം**

പശ്ചിമ ബംഗാളിലെ ആർ.ജി.കാർ. മെഡിക്കൽ കോളേജിലെ പൾമണോളജി വിഭാഗത്തിലെ രണ്ടാം വർഷ പി.ജി വിദ്യാർത്ഥിനിയെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ജൂബിലിയിൽ കരിദിനം ആചരിച്ചു. തദവസരത്തിൽ നടന്ന പൊതുയോഗത്തിൽ ആരോഗ്യപ്രവർത്തകരുടെ ജോലിസ്ഥലത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ സർക്കാർ വേണ്ടത്ര നടപടികളെടുക്കണമെന്നും ബന്ധപ്പെട്ട കക്ഷികൾക്കെതിരെ കർശന നടപടികൾ എടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഫാ. റെന്നി മുണ്ടൻകുരിയൻ അനുശോചനം രേഖപ്പെടുത്തുകയും കാമ്പസിനകത്തും പുറത്തും എല്ലാ ഡോക്ടർമാരും എപ്പോഴും ജാഗ്രത പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

**ദേശീയ ബഹിരാകാശദിനം - ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിന് ഒന്നാം സ്ഥാനം**

ദേശീയ ബഹിരാകാശദിനത്തോടനുബന്ധിച്ച് ഐ.എസ്.ആർ.ഒ. വിവിധ പ്രൊഫഷണൽ കോളേജുകൾക്കായി നടത്തിയ വിവിധയിനം മത്സരങ്ങളിൽ കോളേജ് ഓഫ് നേഴ്സിങ്ങ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പെയ്സ് സെന്ററിൽ നടന്ന ചടങ്ങിൽ നേഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികളായ

ക്രിസ്റ്റി ഷാജു, ദിയ രാജു, ക്രിസ്റ്റി മരിയ ജോർജ്ജ്, ഡെൽന മരിയ റോയ്, ആഗ്നസ് മരിയ ജോജു എന്നിവർ കേന്ദ്രമന്ത്രി സുരേഷ് ഗോപിയിൽ നിന്നും സമ്മാനം ഏറ്റുവാങ്ങി.

**ഡോ. ശ്രീകാന്ത് നാരായൺ ജൂബിലി ആയുർവേദ മിഷൻ ആശുപത്രി സന്ദർശിച്ചു**

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സി.സി.ആർ.എ.എസ്. (സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദിക് സയൻസസ്) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ശ്രീകാന്ത് നാരായൺ ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സന്ദർശനം നടത്തി. ചെറുതുരുത്തി നാഷണൽ ആയുർവേദ പഞ്ചകർമ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സുധാകർ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. ദീപ് എന്നിവരും സംഘത്തിലുണ്ടായിരുന്നു. ജൂബിലി മിഷൻ ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് സംഘത്തെ സ്വാഗതം ചെയ്തു. ഡോ. ശ്രീകാന്ത് നാരായണൻ ജൂബിലി മിഷൻ ആശുപത്രിയിൽ ആയുർവേദവുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം ചെയ്തു. ആയുഷ് ഡിപ്പാർട്ടുമെന്റും ജൂബിലി റിസർച്ച് സെന്ററും സംയുക്തമായി നടത്താനാകുന്ന ഗവേഷണ സാധ്യതകളെകുറിച്ചും അദ്ദേഹം ചർച്ച നടത്തി. സന്ദർശനത്തിന്റെ ഓർമ്മക്കായി ഡോ. ശ്രീകാന്ത് നാരായൺ ജൂബിലി ആയുർവേദ ക്യാമ്പസിൽ വൃക്ഷതൈ നട്ട് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രതിബദ്ധതയും പ്രകടിപ്പിച്ചു.

**ഫോക്കസ് – പരിശീലന പരിപാടി ജൂബിലിയിൽ നടന്നു**

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 2024 നടന്നു. തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് രമ്യ മേനോൻ ഉദ്ഘാടനം ചെയ്തു. ആർ.സി.എച്ച്. ഓഫീസർ ഡോ ജയന്തി ടി. കെ. മുഖ്യപ്രഭാഷണം നടത്തി. ഡോ. സറീന ഗിൽവാസ്, ഡോ. അശ്വത്ത് കുമാർ എന്നിവർ ചേർന്ന് എഡിറ്റ് ചെയ്ത 'ടെക്സ്റ്റ് ബുക്ക് ഓഫ് ഒബ്സ്റ്റട്രിക്സ്' എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. ജയന്തിയും രമ്യ മേനോനും ചേർന്ന് നിർവ്വഹിച്ചു. ഗൈനക്കോളജി വിഭാഗത്തിന്റെ ഇന്റേണൽ എക്സാമിൽ ഒന്നാം സ്ഥാനം നേടിയ ഡോ. എവലിൻ ടി. കിഷോറിന് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഗോൾഡ് മെഡൽ നൽകി.

**കേരളത്തിലെ ആദ്യത്തെ TAVI-in-TAVI ജൂബിലിയിൽ**

ജൂബിലി മിഷൻ ഹൃദയാലയ ടീം വീണ്ടും ഒരു അപൂർവ്വ നേട്ടം

കൈവരിച്ചു. 2016-ൽ അയോർട്ടിക് വാൽവ് തകരാറിന് TAVI ചെയ്ത 79 വയസ്സുള്ള തൃശ്ശൂർ സ്വദേശി ജോസഫാണ് ഗുരുതരമായ അയോർട്ടിക് റിഗർഗിറ്റേഷന് ജൂബിലിയിൽ ചികിത്സ തേടി എത്തിയത്. ഇദ്ദേഹത്തിന് എട്ട് വർഷം മുമ്പാണ് മദ്രാസിൽ വെച്ച് താക്കോൽദ്വാര (TAVI) ശസ്ത്രക്രിയ വഴി ക്രിത്രിമ വാൽവ് ഘടിപ്പിച്ചത്. ഓപ്പൺ സർജറി സാധ്യമല്ലാത്ത സാഹചര്യത്തിൽ പെർക്യുട്ടേനിയസ് ട്രാൻസ്കത്തീറ്റർ വാൽവ്-ഇൻ-വാൽവ് അഥവാ TAVI-in-TAVI (ട്രാൻസ് കത്തീട്രൽ അയോർട്ടിക് വാൽവ് ഇംപ്ലാന്റേഷൻ) എന്ന നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ മെഡിക്കൽ സംഘം തീരുമാനിക്കുകയായിരുന്നു. ഡോ. ബിനോ ബെഞ്ചമിൻ, ഡോ.ഷിബു സി കള്ളിവളപ്പിൽ, ഡോ. അപർണ, ഡോ. പ്രസകുമാർ, ഡോ. ഓസ്റ്റിൻ രാജ് എന്നിവരുടെ വിദഗ്ധ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ ആദ്യത്തെ ഠഅഢകശിഠഅഢക വഴി രോഗിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു.

**CHAI കേരള ചാപ്റ്ററിന്റെ ജനറൽ ബോഡി യോഗം ജൂബിലിയിൽ**

ഇന്ത്യയിലെ കാത്തലിക്ക് ഹെൽത്ത് അസോസിയേഷന്റെ കേരള ചാപ്റ്ററിന്റെ 2024 ജനറൽ ബോഡി യോഗം തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചു. CHAI -യുടെ കേരള ചാപ്റ്റർ പ്രസിഡന്റായ ഡോ. ബിനു കുന്നത്ത് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശംസകളർപ്പിച്ചു. CHAI കേരള ചാപ്റ്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സി. ലില്ലിസ നന്ദി പറഞ്ഞു. കേരളത്തിലെ കാത്തലിക് ഹോസ്പിറ്റലുകളെ പ്രതിനിധീകരിച്ച് 250 ഓളം പ്രതിനിധികൾ ചാപ്റ്ററിൽ സംബന്ധിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സേക്രട്ട് ഹാർട്ട് റോമൻ കാത്തലിക് ലാറ്റിൻ ചർച്ച്, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- മെർലിൻ ജോസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- സി. എൽ. സി., ഹോളി ഫാമിലി ചർച്ച്, സേവനാലയം, ചിയ്യാരം, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ

- ഫാ. ജെയ്സൺ കൂനംപ്ലാക്കൽ, പള്ളിക്കുന്ന്, തൃശ്ശൂർ
- ലൂർദ്ദ് കത്തീഡ്രൽ, ലൂർദ്ദ്നാഥ യൂണിറ്റ്, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ബെൻസി ഫെബി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- നോബി പൗലോസ്, താഴേക്കട ഹൗസ്, മുക്കാട്ടുക്കര, തൃശ്ശൂർ
- നൈന എ. ജെ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ആതിര രാജേഷ്, എം.സി.സി.യു, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- റിൻസി റാഫേൽ, മേലേപ്പുറം ഹൗസ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. 'റോഡ് സേഫ്റ്റി ഓഡിറ്റ്'**

തൃശ്ശൂർ സെന്റ് തോമസ് (ഓട്ടോണമസ്) കോളേജും സി.എസ്. എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ് പോർട്ടേഷൻ (എസ്. ഐ. ആർ.എസ്.റ്റി) സംയുക്തമായി സ്വരാജ് റൗണ്ട് മുതൽ ഈസ്റ്റ് ഫോർട്ട് വരെയുള്ള റോഡിന്റെ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി.

**2. ദ ഫ്യൂച്ചർ ലീഡർ**

ഇംഗ്ലീഷ് വിഭാഗവും മണപ്പുറം ഐ.എ.എസ് അക്കാദമിയും സംയുക്തമായി 'ദ ഫ്യൂച്ചർ ലീഡർ' എന്ന പരിപാടി സംഘടിപ്പിച്ചു. സിവിൽ സർവീസ് റാങ്ക് ഹോൾഡർ ശ്രീ. ഹാഷിൻ ജിത്തു ഉദ്ഘാടനം ചെയ്തു.

**3. 'ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ്'**

ഐ.ഇ.ഡി.സി, ഐ.ഐ.സി, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് എന്നിവയുടെ സഹകരണത്തോടെ കോമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ്' സെമിനാർ സംഘടിപ്പിച്ചു. സംരംഭകനും ഏഞ്ചൽ നിക്ഷേപകനുമായ ശ്രീ. ക്ലീറ്റസ് ജോൺസൺ തന്റെ വൈദഗ്ധ്യം വിദ്യാർത്ഥികളുമായി പങ്കുവെച്ചു,

**4. 'ഗ്രാവിറ്റ -സയൻസ് ഫെസ്റ്റ്'**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സയൻസ് ഫെസ്റ്റ് ഗ്രാവിറ്റ 2024 നടത്തപ്പെട്ടു. ഫെസ്റ്റിന്റെ ഔപചാരിക ഉദ്ഘാടനം പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ മാർട്ടിൻ കെ.എ. നിർവഹിച്ചു.

**5. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സെല്ലിലെ മെമ്പേഴ്സിനായി ഒരു ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ മുഖ്യാദ്ധ്യക്ഷനായിരുന്നു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഡ്രൈവുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കായി വിവിധ അസസ്സ്മെന്റ് ടെസ്റ്റുകളുടെ പരിശീലനം നടത്തി. വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. (ടി.സി.എസ്, അസഞ്ചർ, എൻ.എക്സ്.ടി.,വേവ്).

**6. ഗ്രാമശ്രീ–2024**

സാമൂഹ്യ പ്രവർത്തന വിഭാഗം അതിരപ്പിള്ളിയിൽ വച്ച് ഗ്രാമീണ സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. പ്രീ മെട്രിക്ക് ബോയ്സ് ഹോസ്റ്റൽ, വെറ്റിലപ്പാറയിൽ വച്ചാണ് ഉദ്ഘാടനം നടത്തിയത്.

**7. സൂയിസൈഡ് പ്രിവൻഷൻ ദിനാചരണം**

സൈക്കോളജി ഡിപ്പാർട്ട്മെന്റ് സൂയിസൈഡ് പ്രിവൻഷൻ ദിനാചരണത്തിന്റെ ഭാഗമായി കാപ്ഷൻ കോൺടെസ്റ്റും, പോസ്റ്റർ മേക്കിങ്ങ് മത്സരവും സംഘടിപ്പിച്ചു.

**8. സ്റ്റാർട്ട്–അപ്പ് ഇക്കോ സിസ്റ്റം**

ഐ.ഇ.ഡി.സി യുടേയും ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്നൊവേഷൻ കൗൺസി ലിന്റെയും സഹകരണത്തോടുകൂടി മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം 'സ്റ്റാർട്ട്–അപ്പ് ഇക്കോ സിസ്റ്റം' എന്ന വിഷയത്തിൽ ട്രെയിനിങ്ങ് സംഘടിപ്പിച്ചു. ജോമി.പി.എൽ. ആയിരുന്നു മുഖ്യ പ്രഭാഷകൻ.

**9. സെന്റ് തോമസ് ഹെർബൽ ഗാർഡൻ**

ബോട്ടണി വിഭാഗത്തിന്റെ നേതൃത്വത്തിൽ കോളേജിന്റെ ചേറൂർ ക്യാമ്പസിൽ 1.6 ഹെക്ടറിൽ ഹെർബൽ ഗാർഡൻ നിർമ്മിക്കാൻ ഉള്ള പ്രോജക്ട് ഫണ്ട് (4.8 ലക്ഷം രൂപ) നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് അനുവദിച്ചു.

**10. മാഗസിൻ പ്രകാശനം**

സമത്വ–കോളേജ് യൂണിയൻ നേതൃത്വം നൽകി മാഗസിൻ പ്രകാശനം സംഘടിപ്പിച്ചു. യുവ സാഹിത്യകാരി നിമ്ന വിജയ്

ആയിരുന്നു മുഖ്യ അതിഥി.

**11. മണലി പുഴയോരത്ത് പച്ചത്തുരുത്ത്**

എം.എസ്.സി ബോട്ടണി വിദ്യാർത്ഥികൾ മണലി പുഴയോരത്ത് മണ്ണൊലിപ്പു തടയാനായി പച്ചത്തുരുത്ത് നിർമ്മിക്കുന്ന പ്രക്രിയയുടെ ഭാഗമായി.

**12. സെന്റ് തോമസിൽ നൂറ് പി.എച്ച്.ഡികൾ**

വിജയകരമായ നൂറാമത്തെ പി.എച്ച്.ഡി വൈവാ വോക്കും സംഘടിപ്പിച്ചു. സുവോളജി വിഭാഗത്തിൽ നിന്നുള്ള ശ്രീമതി പാർവതി സി.എ. ഡോ. വിമല കെ. ജോണിന്റെ മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി. തൃശൂർ പൊന്നാനി തണ്ണീർത്തടങ്ങളെക്കുറിച്ചുള്ള ലിംനോളജിക്കൽ പഠനം ഇക്ത്യോഫൗണയെ പ്രത്യേകമായി പരാമർശിച്ചു.

**13. ബേസിക് ഫൊറൻസിക് ഫോട്ടോഗ്രാഫി ടെക്നിക്സ്**

ഫൊറൻസിക് സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ബേസിക് ഫൊറൻസിക് ഫോട്ടോഗ്രഫി ടെക്നിക്സ്' എന്ന വിഷയത്തിൽ സെഷൻ സംഘടിപ്പിച്ചു. ഫൊറൻസിക് ഫോട്ടോഗ്രാഫർ ശ്രീ. ജി. ജയദേവകുമാർ ആണ് സെഷൻ നയിച്ചത്.

**14. സെമിനാർ സംഘടിപ്പിച്ചു**

കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗവും ഐ.ഇഡി.സി യും ഐ.ഐ.സിയും സംയുക്തമായി 'പവർ ബി ഐ' സെമിനാർ സംഘടിപ്പിച്ചു.

** കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഐ.ഇ.ഡി.സിയും, ഐ.ഐ.സിയും ചേർന്ന് 'ഇൻക്യുബേഷൻ ഒപ്പർച്യുനിറ്റിസ് ഫോർ ഏർളി സ്റ്റേജ് ഓണ്ടർപ്രനർസ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**15. എ.ഐ വർക്ക്ഷോപ്പ്**

ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെന്റ് എ.ഐ നൂതന ഗവേഷണത്തെക്കുറിച്ച് വർക്ക്ഷോപ്പ് നടത്തി. പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിലെ റിസർച്ച് സ്കോളർ ശ്രീ. ശ്യാം മോഹൻ വർക്ക്ഷോപ്പ് നയിച്ചു.

**16. ഓണക്കലവറ**

കുക്കറി ക്ലബ്ബ് അംഗങ്ങൾ ഓണക്കലവറ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ റവ. ഫാ. മാർട്ടിൻ കെ. എ. ഉദ്ഘാടനം ചെയ്തു.

**17. സാന്തോം പൊന്നോണം 2024**

സാന്തോം പൊന്നോണം 2024 ഓണാഘോഷ പരിപാടികൾ നടത്തി. വടംവലി, പൂക്കളമത്സരം, ഉറിയടി, ഓണപ്പാട്ടുകൾ, നൃത്തങ്ങൾ, മെഗാതിരുവാതിര, ഡിപ്പാർട്ടമെന്റ്തല ആഘോഷങ്ങൾ

എന്നിവ നടന്നു.

**18. ബിസിനസ് ആൻഡ് സ്റ്റാർട്ട്-അപ്സ്**

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ & റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ചേർന്ന് ഇന്റർകോളേജ് ഇന്ററാക്ടീവ് കരിയർ സെമിനാർ 'ബിസിനസ് ആൻഡ് സ്റ്റാർട്ട്-അപ്സ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ചു. ഹൈക്കോൺ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ക്രിസ്റ്റോ ജോർജ്ജ് സെമിനാർ നയിച്ചു.

**19. എക്കോളജിക്കൽ സെമിനാർ സംഘടിപ്പിച്ചു**

മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം 'എൻ ആർഗുമെന്റ് ഫോർ അനിമൽ റൈറ്റ്സ് & പീറ്റർ സിങ്ങേർസ് അനിമൽ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. റേഞ്ച് ഫോറസ്റ് ഓഫീസർ ഗീവർ വി. ജെ. ക്ലാസ്സ് നയിച്ചു.

**20. അഭിമാനത്തോടെ സെന്റ് തോമസ് കോളേജ്**

നിർഫ് 2024-ൽ 57-ാം റാങ്ക് കരസ്ഥമാക്കി. അക്കാദമിക് മികവിനും സമഗ്ര വിദ്യാഭ്യാസത്തിനുമുള്ള കോളേജിന്റെ അർപ്പണബോധത്തെ ഈ ആദരണീയമായ അംഗീകാരം പ്രതിഫലിപ്പിച്ചു.

**21. അനുമോദന ടോക്കൺ ഏറ്റുവാങ്ങി**

2024-ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗ് നേട്ടത്തിന് കേരളത്തിലെ എയ്ഡഡ്, സർക്കാർ കോളേജുകളിൽ നിന്ന് വിരമിച്ച പ്രിൻസിപ്പാൾമാരുടെ (കേരള കൗൺസിൽ ഓഫ് റിട്ടയേർഡ് കോളേജ് പ്രിൻസിപ്പൽസ്) യോഗത്തിൽ തൃശൂർ സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), അനുമോദന ടോക്കൺ ഏറ്റുവാങ്ങി.

**22. ഫിനിഷിങ് സ്കൂൾ സെമിനാർ സംഘടിപ്പിച്ചു**

ഫിനിഷിങ് സ്കൂൾ 2024- കോഗ്നിസൻസ് 'ഫിനിഷിങ് സ്കൂൾ കോൺസെപ്റ്റ് ആൻഡ് ഇംപോർട്ടൻസ്' എന്ന വിഷയത്തിൽ ഒന്ന്, രണ്ട് വർഷ യുജി, ഒന്നാം വർഷ പിജി വിദ്യാർത്ഥികൾക്ക് ഒരു ക്ലാസ്സ് കവിപ്രതിഭ ഹാളിൽ വച്ച് സംഘടിപ്പിച്ചു.

**23. 'ഗുരുവന്ദനം 4'**

റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജുവേറ്റ് ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെയും, ഒസ്.എ യുടെയും ആഭിമുഖ്യത്തിൽ 'ഗുരുവന്ദനം 4' ഓൺലൈൻ ആയി വെബിനാർ സംഘടിപ്പിച്ചു.

**24. മെറിറ്റ് ഡേ സംഘടിപ്പിച്ചു**

ഫിസിക്സ് വിഭാഗം കവിപ്രതിഭ ഹാളിൽ വച്ച് മെറിറ്റ് ഡേ സംഘടിപ്പിച്ചു. തൃശ്ശൂർ അസിസ്റ്റന്റ് കളക്ടർ ശ്രീ. അതുൽ സാഗർ

ഐ.എ.എസ് മുഖ്യ അതിഥിയായി.

**25. ദേശിയ സെമിനാർ**

മാഗ്നറ്റിക്ക് റസൊണൻ കേരളയുമായി സഹകരിച്ച് ദേശിയ സെമിനാർ സംഘടിപ്പിച്ചു.

**26. പിക്ച്ചറസ്ക്യു 2024**

മീഡിയ സ്റ്റഡീസ് ഡിപാർട്ട്മെന്റ് സംസ്ഥാന തല ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു.

**27. ലിംഗസമത്വത്തെക്കുറിച്ചുള്ള നിയമപരമായ അവലോകനം**

മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പ്രഭാഷണം നടത്തി. പ്രഭാഷണം നടത്തിയത് അഡ്വ. ബിനിത എ.

**28. രക്തദാന രംഗത്ത് നിറ സാന്നിധ്യം**

രക്തദാനദിനത്തോടനു ബന്ധിച്ച് കോളേജിൽ ഐ.എം.എ സംഘടിപ്പിച്ച പരിപാടിയിൽ മോഡൽ വോളന്ററി ബ്ലഡ് ഡോണർ അവാർഡും, ജില്ലാ ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടിയിൽ റിപീറ്റ് ബ്ലഡ് ഡോണർ അവാർഡും തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ഊർജതന്ത്ര അദ്ധ്യാപകൻ ഡോ. ഡെയ്സൺ പാണേങ്ങാടൻ ഏറ്റുവാങ്ങി.

**29. ആൻസി സോജന് അഭിനന്ദനങ്ങൾ**

സെന്റ്. തോമസ് കോളേജിന്റെ പൂർവ വിദ്യാർഥിയായ ആൻസി സോജൻ നാഷണൽ ഓപ്പൺ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മേഡലും, ബെസ്റ്റ് വുമൺ അത്‌ലറ്റിക്സ് എന്ന നേട്ടവും, ഇന്ത്യയുടെ വനിത ലോങ്ങ് ജമ്പ് ചരിത്രത്തിൽ മൂന്നാമത്തെ ലോങ് ജമ്പ് ലോക റാങ്കിങ്ങിൽ 34-ാം സ്ഥാനവും കരസ്ഥമാക്കി. ആൻസി സോജന് കോളേജിന്റെ അഭിനന്ദനങ്ങൾ.

**30. സമൃദ്ധി 2024**

ഓണ സമൃദ്ധി പരിപാടി പാലോക്കാരൻ സ്ക്വയറിൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ് സംഘടിപ്പിച്ചു.

**31. വോഗ് വോയേജ്**

തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ഫാഷൻ ഡിസൈനിംഗ് ക്ലബ് സംഘടിപ്പിച്ച പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ച് റാംപിൽ നടക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി വോഗ് വോയേജ് എന്ന പരിശീലന സെഷൻ വാഴപ്പിള്ളി ഹാളിൽ സംഘടിപ്പിച്ചു.

**32. മുന്തിരിവള്ളികൾക്ക് പുതിയ കൂട്ടുകാരൻ**

മുന്തിരിവള്ളിയുടെ വർഗ്ഗത്തിൽപ്പെട്ട പാർത്തിനോസിസസ് വല്ലിചിയാനസ് എന്ന സസ്യമാണ് ജില്ലയിലെ കായാംപൂവത്ത് നിന്ന്

ബോട്ടണി വിഭാഗം കണ്ടെത്തിയത്. ഡോ. ആന്റോ പി. വിയുടെ നേതൃത്വത്തിൽ ഗവേഷണം നടത്തിയ നിമ്മി ഡോമിനിഗോസ്, കാലിക്കറ്റ്സർവകലാശാലയിലെ ഡോ. പ്രദീപ് എന്നിവരുടെ സംഘമാണ് പുതിയ സസ്യത്തിന്റെ കണ്ടുപിടിത്തത്തിന്റെ പിന്നിൽ.

**33. പവർ ബി.ഐ**

കമ്പ്യൂട്ടർ ആപ്ളിക്കേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഐ.ഇ.ഡി.സിയും ഐ.ഐ.സിയും ചേർന്ന് 'പവർ ബി ഐ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**34. ഹൗ ടു പ്ലാൻ ഫോർ സ്റ്റാർട്ട് – അപ് ആന്റ് ലീഗൽ ആന്റ് എത്തിക്കൽ സ്റ്റെപ്സ്**

ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് 'ഹൗ ടു പ്ലാൻ ഫോർ സ്റ്റാർട്ട് – അപ് ആന്റ് ലീഗൽ ആന്റ് എത്തിക്കൽ സ്റ്റെപ്സ്' എന്ന വിഷയത്തിൽ നൈപുണ്യ വികസന പരിപാടി സംഘടിപ്പിച്ചു. ടൈം തൃശൂർ സെന്റർ ഡയറക്ടറായ ഡിജു ജോസ് ആണ് സെഷൻ കൈകാര്യം ചെയ്തത്.

**35. വൃദ്ധി 3.0 – ഇക്കോണോമിക്സ് ഫെസ്റ്റ്**

ഇക്കോണോമിക്സ് ഡിപ്പാർട്ട്മെന്റ് ഇക്കോണോമിക്സ് ഫെസ്റ്റ് സംഘ ടിപ്പിച്ചു. അക്കാദമിക് ഇവന്റുകളായ സീക്ക്, സീക്ക് ജൂനിയർ, ബെസ്റ്റ് പോളിസി മെയ്ക്കർ ഹണ്ട്, ഇക്കോണോമിക്സ് തത്വങ്ങളെ പ്രതിഫലിപ്പിച്ച എക്സിബിഷൻ തുടങ്ങിയവയും, ഹിപ് ഹോപ് ഹാവോക് ഡാൻസ് മത്സരവും ആകർഷകമായ ഗെയിമുകളും കൊണ്ട് ഫെസ്റ്റ് മിഴിവുള്ളതായി തീർന്നു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

POPE PAUL Mercy home

## പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു**

കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനവും ഡിജിറ്റൽ ലേർണിംഗും ലക്ഷ്യം വച്ച് നിർമിച്ച പുതിയ കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം തൃശ്ശൂർ അസി. കളക്ടർ ശ്രീ. അതുൽസാഗർ നിർവ്വഹിച്ചു.

**ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ ആദ്യ ബാച്ച്കോഴ്സ് പൂർത്തിയാക്കി**

പോപ്പ് പോൾ മേഴ്സി ഹോമിൽ പുതുതായി ആരംഭിച്ച സ്പെഷ്യൽഎജ്യുക്കേഷൻ ബി. എഡ്കോഴ്സിന്റെആദ്യ ബാച്ച് 29 പേർ കോഴ്സ്വിജയകരമായിപൂർത്തിയാക്കിവിവിധ സ്ഥാപനങ്ങളിൽജോലിയിൽ പ്രവേശിച്ചു.

**അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു**

പോപ്പ് പോൾ മേഴ്സി ഹോം ബി.എഡ്, ഡിപ്ലോമ സ്പെഷ്യൽ എജ്യുക്കേഷൻ ടീച്ചേഴ്സ് ട്രെയിനിംഗ്കോളേജിന്റെ അദ്ധ്യയന വർഷ ഉദ്ഘാടനം തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. അശോകൻ നിർവ്വഹിച്ചു. ഫൊറോന വികാരി ഫാ. വർഗീസ് തരകൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. ജോൺസൺ അന്തിക്കാട്ട്സ്വാഗതമാശംസിച്ചു. അസി. ഡയറക്ടർ ഫാ. സീജൻ ചക്കാലക്കൽ, മുനിസിപ്പൽ കൗൺസിലർ ശ്രീമധു അമ്പലപുരംഎന്നിവർ പ്രസംഗിച്ചു. ടീച്ചർട്രെയിനീസിന്റെവിവിധ കലാപരിപാടികളും അരങ്ങേറി.

**ഇൻഡോർ കോർട്ട് ഉദ്ഘാടനം ചെയ്തു**

കുട്ടികൾക്ക് മാനസികവും ശാരീരികവുമായ ഉല്ലാസവും മികച്ച കായിക പരിശീലനവും ലക്ഷ്യമിട്ട് പുതുതായി നിർമ്മിച്ച ഇൻഡോർ കോർട്ടിന്റെ ഉദ്ഘാടനം ഫുഡ്ബോൾ ഇതിഹാസം ശ്രീഐ..എം വിജയൻ നിർവ്വഹിച്ചു. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി ചെയർ പേഴ്സൺ ശ്രീ. പി. എൻ. സുരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു.

**സന്ദർശനം നടത്തി**

തൃശ്ശൂർ സെന്റ് തോമസ് കോളേജ്, തൃശ്ശൂർ വിമലാ കോളേജ്, കൊടകര സഹൃദയ കോളജ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിൽ നിന്നും വിവിധ ഇടവകകളിൽ നിന്നും വിദ്യാർത്ഥികളും അദ്ധ്യാപകരും പോപ്പ് പോൾമേഴ്സി ഹോം സന്ദർശിച്ചു.

**അദ്ധ്യാപകദിനം ആചരിച്ചു**

സെപ്റ്റംബർ 5 ന് ടീച്ചേഴ്സിന് ആശംസാകാർഡുകളും പൂക്കളും നൽകിയുംആശംസകൾ നേർന്നുംഅദ്ധ്യാപകദിനം സമുചിതമായി ആചരിച്ചു. പ്രിൻസിപ്പൽ ഫാ. ജോൺസൺ അന്തിക്കാട്ട് അദ്ധ്യാപകദിന സന്ദേശം നൽകി.

**ഓണാഘോഷം നടത്തി**

4 ദിവസങ്ങളിലായിഓണാഘോഷപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. കുട്ടികൾക്കും അദ്ധ്യാപകർക്കുംടീച്ചർ ട്രെയിനീസിനും

വിവിധ തരം കായിക മത്സരങ്ങളും വടംവലിയും ഓണപൂക്കള മൽസരവും വിവിധ കലാപരിപാടികളും നടന്നു. മാവേലിമാരും, മങ്കമാരും, ശിങ്കാരിമേളവും, പുലികളുമടങ്ങുന്ന വർണ്ണശമ്പളമായ ഘോഷയാത്രയും ഓണസദ്യയുമൊരുക്കി ഓണം ആഘോഷമാക്കി.

**ഫാ. ജോൺസൺ അന്തിക്കാട്ട്**
ഡയറക്ടർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | |
|---|---|
| 1 ചൊവ്വ | - വി. കൊച്ചുത്രേസ്യ |
| 2 ബുധൻ | - ഗാന്ധി ജയന്തി |
| 4 വെള്ളി | - ആദ്യവെള്ളി, വി. കുർബാന |
| | വി. ഫ്രാൻസീസ് അസ്സീസ്സി |
| 9 ബുധൻ | - തപാൽദിനം |
| 16 ബുധൻ | - ലോക’ക്ഷ്യദിനം |
| 24 വ്യാഴം | - യു.എൻ. ദിനം |
| 31 വ്യാഴം | - ഇന്ദിരാഗാന്ധി ചരമദിനം |

**2. ജപമാലമാസം**

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലൊ. ജപമാല’ക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക - അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലൊ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**നന്ദി....**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിവാഹിതരായ നവദമ്പതികൾക്കുവേണ്ടിയുള്ള തുടർപരിശീലനം സെപ്റ്റംബർ 29 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിക്കുകയുണ്ടായി.

**ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ  മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 2,3,4 – 9,10,11 – 23,24,25 – 30,31, നവംബർ 1. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ അരിമ്പൂർ ഇടവകയിൽ വച്ച് സീറോ ഡിവോഴ്സ് പ്രോഗ്രാം നടത്തുകയുണ്ടായി. ഏകദേശം രണ്ടര മണിക്കൂറുള്ള ഒരു പ്രോഗ്രാമാണ് ഇത്.  9497179780, 9605043327.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066  ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്റ്റോലേറ്റ് ഒരു അവസരം ഒരുക്കുന്നു. ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും ഒക്ടോബർ 31 ന് മുൻപായി ഫാമിലി അപ്പൊസ്റ്റോലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 7736106824 അയക്കുകയോ ചെയ്യുമല്ലോ.

**വിവാഹത്തിന്റെ അഞ്ചാം വാർഷികം**

2019 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 5 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 1–ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹത്തിന്റെ പത്താം വാർഷികം**

2014 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 10 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 15–ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹരജത ജൂബിലി**

1999 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 7–ാം തിയ്യതി രാവിലെ 9 മണിക്ക് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും തുടർന്ന് 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും

മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹത്തിന്റെ സുവർണ്ണ (50) & ഷഷ്ടിപൂർത്തി (60) ജൂബിലികൾ**

1974 ലും 1964 ലും വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50, 60 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണ, ഷഷ്ടിപൂർത്തി ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 14-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് - 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2024 തലക്കോട്ടുക്കര, തയ്യൂർ, നെല്ലങ്കര, പഴുവിൽ എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

## കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കുള്ള മത്സരം

പൊതുവായ നിബന്ധനകൾ

1. മത്സരങ്ങൾ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു മാത്രമായിരിക്കും.
2. മത്സരങ്ങളിൽ അതിരൂപത, ഫൊറോന ഭാരവാഹികൾ മത്സരിക്കാൻ പാടില്ല.
3. സ്കിറ്റ് മത്സരം ഫൊറോനതലം, അതിരൂപത തലം എന്നീ 2 ഘട്ടങ്ങളിലായിരിക്കും നടക്കുക.
4. സാഹിത്യ മത്സരങ്ങൾ അതിരൂപതാടിസ്ഥാനത്തിലായിരിക്കും നടത്തുക.
5. സാഹിത്യമത്സരങ്ങളിൽ ഇടവകയിൽ നിന്നുള്ള എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും പങ്കെടുക്കാം (അതിരൂപത, ഫൊറോന കുടുംബ കൂട്ടായ്മ ഭാരവാഹികൾ ഒഴിച്ച്).
6. മുൻകൂട്ടി റജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കൂ.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. സംഘാടക സമിതിക്ക് മത്സരങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

സാഹിത്യ മൽസരങ്ങൾ

2024 ഒക്ടോബർ 12 (9.30 am to 3.30 pm)

1. ലേഖന മത്സരം (10.00 am to 11.30 am)

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

എഴുത്തുഭാഷ, വിഷയത്തോടുള്ള നീതി, ഭാഷയുടെ തെളിമ, ഭാഷയുടെ ഘടന, വർത്തമാനകാലമായുള്ള ബന്ധം

ലേഖനം 10 പുറത്തിൽ കവിയരുത്.

2. കവിത (11.30 am to 1.00 pm)

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

കാവ്യഭാഷ, ഭാഷഭംഗി, വിഷയപ്പൊരുത്തം, നവീനത്വം, ആശയം, ഭാഷാഘടന, വിഷയത്തോടുള്ള സമീപനരീതി, അവതരണഭംഗി

കവിതയ്ക്ക് പരമാവധി 30 വരികൾ മാത്രം

3. കഥാരചന (1.30 pm to 3.00 pm)

സമയം - 11/2 മണിക്കൂർ

വിഷയം - തൽസമയം നൽകുന്നതായിരിക്കും

വിഷയാഭിമുഖ്യം, ഭാഷാരീതി, നവീനത്വം, കഥാഘടന, കഥാപാത്രങ്ങൾ തമ്മിലുള്ള ഇഴയടുപ്പം, ശൈലി, കഥ 5 പേജിൽ കവിയരുത്.

സാഹിത്യ മത്സരം പൊതുവായ നിബന്ധനകൾ

1. എഴുതികൊണ്ടുവരുന്ന വരികളോ, ഡൗൺലോഡ് ചെയ്ത കവിത/കഥ/ലേഖന ഭാഗങ്ങളോ പകർത്തി എഴുതരുത്.

2. മറ്റേതെങ്കിലും കഥ/കവിത/ലേഖനവുമായി സാമ്യം പാടില്ല.

3. അനുവദിക്കപ്പെട്ടിരിക്കുന്ന സമയത്തിനുള്ളിൽ രചന പൂർത്തിയാക്കിയിരിക്കണം.

4. രചനയ്ക്ക് അവതരണ പുതുമയും തനിമയും ഉണ്ടായിരിക്കണം.

സ്കിറ്റ് മത്സരം

തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഭാരവാഹികൾക്കുള്ള സ്കിറ്റ് മത്സരം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഓരോ ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഫൊറോന തല മത്സരം നടത്തി (ഇടവകയിൽ നിന്ന് വരുന്ന ടീമംഗങ്ങളാണ് അതാത് ഫൊറോനകളിൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്) ഇതിൽ വിജയികളാകുന്ന ഓരോ ഫൊറോനയിലെ ഒന്നാം സ്ഥാനം നേടുന്നവരാണ് അതിരൂപതതല മത്സരത്തിന് പങ്കെടുക്കേണ്ടത്. (ഫൊറോന തല മത്സരത്തിന് നേതൃത്വം നൽകുന്നത് ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയായിരിക്കും. മത്സരതിയ്യതിയും സ്ഥലവും ഇടവകകളെ അതാത് ഫൊറോന കേന്ദ്രസമിതി അറിയിക്കേണ്ടതാണ്). നവംബർ മാസത്തിലായിരിക്കും അതിരൂപത തല മത്സരം. അതിരൂപത തല മത്സര തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.

സ്കിറ്റ് മത്സര നിബന്ധനകൾ

1. കുടുംബ കൂട്ടായ്മ ഭാരവാഹികൾ ആയിരിക്കണം മത്സരാർത്ഥികൾ.
2 ഇടവകയിൽ നിന്ന് ഒരു ടീം (ആവശ്യമുണ്ടെങ്കിൽ മാത്രം ഇടവക യിൽ മത്സരം നടത്തുക) ഫൊറോന തലത്തിൽ മത്സരിച്ച് അതിൽ വിജയികളാകുന്ന ടീം ആയിരിക്കണം അതിരൂപതതലത്തിൽ ഫൊറോനയെ പ്രതിനിധീകരിക്കേണ്ടത്
3. അതിരൂപത, ഫൊറോന തല ഭാരവാഹികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല
4. അവതരണ സമയം പരമാവധി പത്ത് മിനിറ്റ് ആയിരിക്കും
5. രംഗസജ്ജീകരണത്തിന് അഞ്ച് മിനിറ്റ് നൽകുന്നതായിരിക്കും
6. അഭിനേതാക്കൾ തൽസമയം സംഭാഷണം നടത്തേണ്ടതാണ്
7. സ്റ്റേജിൽ മൈക്ക്, ലൈറ്റ് പശ്ചാത്തല സംഗീതം എന്നിവ അനുവദനീയമല്ല
8. ക്രൈസ്തവ മൂല്യങ്ങൾക്ക് അധിഷ്ഠിതമായ വിഷയമായിരിക്കണം അവതരിപ്പിക്കേണ്ടത്
9. തുറന്ന സ്റ്റേജിൽ ആയിരിക്കും മത്സരം നടത്തുക
10. വിഷയത്തിനനുസരിച്ച് രംഗ സജ്ജീകരണങ്ങളും വസ്ത്രാലങ്കാ രങ്ങളും വേണമെങ്കിൽ ഉപയോഗിക്കാം
11. സ്കിറ്റിൽ പരമാവധി 7 പേരും മിനിമം 5 പേരെങ്കിലും ഉണ്ടായിരിക്കണം
12. സ്കിറ്റ് കഴിഞ്ഞ് 5 മിനിറ്റുനുള്ളിൽ സ്റ്റേജ് clear ആക്കി തരേണ്ടതാണ്.
13. ഇടവക തലത്തിൽ (ആവശ്യമുണ്ടെങ്കിൽ) ആഗസ്റ്റ് മാസത്തിലും ഫൊറോന തലത്തിൽ സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിലും അതിരൂപത തലത്തിൽ നവംബർ മാസത്തിലും ആയിരിക്കും മത്സരം നടത്തുക.
14. ഒരു വ്യക്തി രണ്ട് റോളിൽ അഭിനയിച്ചാലും ഒരു അംഗമായിട്ടേ പരിഗണിക്കുകയുള്ളൂ.
15. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

## മിഷൻ യാത്ര

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നവംബർ മാസത്തിൽ മിഷൻ യാത്ര പോകുന്നുണ്ടല്ലോ. മിഷൻ

പ്രദേശത്തെ കുടുംബങ്ങൾക്കും കുട്ടികൾക്കും കൊടുക്കാനായി ചെറിയ കുരിശ്, ചെറിയ രൂപങ്ങൾ, വിശുദ്ധരുടെ ഫോട്ടോസ്, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, പേന, പെൻസിൽ, നോട്ടു പുസ്തകങ്ങൾ തുടങ്ങിയവയും (സാമ്പത്തികമായി സഹായിക്കാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെയും സഹായിക്കാവുന്നതാണ്) കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മുകളിൽ പറഞ്ഞ സാധന ങ്ങൾ പുതിയത് വാങ്ങി ഒക്ടോബർ 25-ാം തിയ്യതിക്ക് മുമ്പായി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കുമല്ലോ. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ അമ്മമാരെ സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രാമിന്റെ ഏഴാമത്തെ സെമിനാർ ഒക്ടോബർ 26-ാം തിയ്യതി ശനിയാഴ്ച്ച 9.30 മുതൽ 1.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊ ലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്. പാരന്റിങ്ങ് സെമിനാർ

മാതൃവേദി അംഗങ്ങൾക്കായുള്ള നാലാമത്തെ പാരന്റിങ്ങ് സെമി നാർ ഒക്ടോബർ 28-ാം തിയ്യതി തിങ്കളാഴ്ച ഫാമിലി അപ്പൊസ്റ്റൊ ലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃ വേദിയിലെ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണി ക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അമ്മമാർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ഒക്ടോബർ 28-ാം തിയ്യതി തിങ്കളാഴ്ച കൊണ്ടുവരാവുന്നതാണ്.

**തൊപ്പി നിർമ്മാണ പരിശീലനം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ തൊപ്പി നിർമ്മാണ പരിശീലനം ഫാമിലി അപ്പൊസ്റ്റലേറ്റിൽ വച്ച് ഒക്ടോബർ 28-ാം തിയ്യതി തിങ്കളാഴ്ച നടത്തപ്പെടുന്നതാണ്. താൽപര്യമുള്ള എല്ലാ അമ്മമാരും തൊപ്പി നിർമ്മാണ പരിശീലനത്തിൽ പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ മിഷൻ യാത്ര പോകുന്നുണ്ടല്ലോ. മിഷൻ പ്രദേശത്തെ കുടുംബങ്ങൾക്കും കുട്ടികൾക്കും കൊടുക്കാനായി ചെറിയ കുരിശ്, ചെറിയ രൂപങ്ങൾ, വിശുദ്ധരുടെ ഫോട്ടോസ്, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, പേന, പെൻസിൽ, നോട്ടു പുസ്തകങ്ങൾ തുടങ്ങിയവ കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മുകളിൽ പറഞ്ഞ സാധനങ്ങൾ പുതിയത് വാങ്ങി ഒക്ടോബർ 10-ാം തിയ്യതിക്ക് മുമ്പായി അതിരൂപത മാതൃവേദി ഓഫീസിൽ ഏൽപ്പിക്കുമല്ലോ. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി.

**മാതൃവേദി ഭാരവാഹികളുടെ ഇലക്ഷൻ 2024 സെപ്റ്റംബർ, ഒക്ടോബർ**

മാതൃവേദി ഭാരവാഹികൾ സ്ഥാനം എടുത്ത് 3 വർഷം തികയുകയാണല്ലോ. ആയതുകൊണ്ട് പുതിയ ഭാരവാഹികളുടെ ഇലക്ഷൻ നടത്തേണ്ട സമയം 2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ്. ഈ മാസങ്ങളിൽ തന്നെ ഇലക്ഷൻ നടത്താൻ പരിശ്രമിക്കുമല്ലോ. ഏതെങ്കിലും ഗൗരവമായ കാരണത്താൽ നേരത്തെ ഇലക്ഷൻ നടത്തുകയാണെങ്കിൽ ചാർജ് കൈമാറുന്നത് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആകാൻ ശ്രദ്ധിക്കുമല്ലോ. താഴെ പറയുന്ന രീതിയിലാണ് ഇടവകയിൽ ഇലക്ഷൻ നടക്കേണ്ടത്. നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് മാതൃവേദി അതിരൂപത നിയമാവലിക്കനുസരിച്ച് ഇലക്ഷൻ നടത്താൻ താൽപര്യപ്പെടുന്നു.

ഇടവക (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)

1. എല്ലാ ഇടവകകളിലും സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ള വരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഇടവകയിൽ ഭാരവാഹികളായവർക്കു മാത്രമേ അതിരൂപതയിൽ മത്സരി ക്കാൻ പാടുള്ളൂ.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ.

ഫൊറോന (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)

1. എല്ലാ ഫൊറോനകളിലും നവംബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ ആനിമേറ്ററച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരാ യിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഫൊറോന ഭാരവാഹി ആകുന്ന ആൾ ഇടവക ഭാരവാഹി ആയിരി ക്കണം.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ.
10. ഫൊറോന ഇലക്ഷന് ഫൊറോന ആനിമേറ്ററച്ചനായിരിക്കും നേതൃത്വം കൊടുക്കുക. അതിരൂപതയിൽ നിന്ന് നിരീക്ഷകരായി അതിരൂപത ഭാരവാ ഹികൾ വരുന്നതായിരിക്കും.
11. ഫൊറോന ഇലക്ഷന്റെ തിയ്യതിയും സമയവും അതിരൂപത മാതൃ വേദി ഓഫീസിൽ നേരത്തെ അറിയിക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും ഒക്ടോബർ 7 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേ ക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഒക്ടോബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഒക്ടോബർ 13-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാലമാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവ ത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർ ത്ഥിക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് നാം അഭിലഷിക്കുന്നത്. ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനുകളും നമ്മെ അക്ഷരാർത്ഥത്തിൽ അംമ്പരിപ്പിക്കുന്നു. യുദ്ധമേഖലകളിലും ആഭ്യ ന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കണം.

നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ ന

ിയോഗത്തിനുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു. ഒക്ടോബർ മാസം മുഴുവൻ അതിരൂപത പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്റ്റോലേറ്റിൽ വച്ച് രാവിലെ 10 മണി മുതൽ 1 മണി വരെ അഖണ്ഡ ജപമാല ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ** | **ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ഡയറക്ടർ | പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**'അമ്മ മാലാഖ'**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ സഹകരണത്തോടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച സപ്ന ട്രേസിയുടെ ജീവിതകഥ പറയുന്ന പുസ്തകമാണ് 'അമ്മ മാലാഖ'. സ്വന്തം ജീവൻ നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്നറിഞ്ഞിട്ടും ഉദരത്തിലുള്ള കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി സ്വജീവൻ ബലിയർപ്പിച്ച ഒരമ്മയുടെ നിസ്വാർത്ഥ സ്നേഹത്തിന്റെയും ധീരതയാർന്ന ജീവത്യാഗത്തിന്റെയും നേർചിത്രം വരച്ചു കാട്ടുന്നു ഈ പുസ്തകം. കോപ്പികൾ ആവശ്യമുള്ളവർക്ക് തൃശ്ശൂർ അതിരൂപത ലോഫ്, ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ - 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഒക്ടോബർ 12-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഒക്ടോബർ 11, 12, 13 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 11 വെള്ളിയാഴ്ച  വൈകീട്ട് 6 മണി മുതൽ 13 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

സെപ്റ്റംബർ മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 22-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠനത്തിന് ലോഫ് ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**വിദ്യാജ്യോതി ഭിന്നശേഷി കുട്ടികൾക്ക് അപേക്ഷിക്കാം.**

ഭിന്ന ശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ പരമായി ഉയർച്ചയിലേക്ക് നയിക്കുന്നതിന് കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുന്ന വിദ്യാജ്യോതി പദ്ധതിയിലേക്ക് അപേക്ഷിക്കാം. 9-ാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്നവർക്കാണ് അപേക്ഷിക്കാൻ അവസരം.

അപേക്ഷകൻ /അപേക്ഷക സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന ആളായിരിക്കണം.

അപേക്ഷകന് 40%മോ അതിന് മുകളിലോ വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. വരുമാന പരിധി ബാധകമല്ല. സ്ഥാപന തലവന്റെ സാക്ഷ്യപത്രം നിശ്ചിത മാതൃകയിലുള്ളത്. ആജഘ വിദ്യാർത്ഥികൾക്ക് മുൻഗണന.

**അഭയകിരണം പദ്ധതി; ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു.**

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്നവർക്ക് ധനസഹായം നൽകുന്ന അഭയകിരണം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അഭയകിരണം പദ്ധതിയുടെ ധനസഹായത്തിന് ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. 50 വയസിനു മുകളിൽ

പ്രായമുള്ളവരും പ്രായപൂർത്തിയായ മക്കൾ ഇല്ലാത്തവരും ഏതെങ്കിലും ബന്ധുവിന്റെ സംരക്ഷണയിൽ കഴിയുന്നവരായ വിധവകളായ സ്ത്രീകളെ സംരക്ഷിക്കുന്നവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15.

**വിദ്യാധനം സ്കോളർഷിപ്പ്: ആനുകൂല്യം ഒന്നാം ക്ലാസ് മുതൽ ബിരുദതലം വരെ.**

വനിതകൾ ഗൃഹനാഥരായ കുടുംബത്തിലെ ഒന്നാംക്ലാസ് മുതൽ ബിരുദതലം വരെയുള്ള വിദ്യാർഥികൾക്ക് വനിത - ശിശു വികസന വകുപ്പിന്റെ വിദ്യാധനം സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകാർക്ക് വർഷം 3,000 രൂപയാണ് സ്കോളർഷിപ്പ്. ആറുമുതൽ 10 വരെ 5,000 രൂപയും ഹയർസെക്കൻഡറിയിൽ 7,500 രൂപയും ബിരുദതലത്തിൽ 10,000 രൂപയും ലഭിക്കും. ബി.പി.എൽ. കുടുംബവും മക്കൾ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവരുമാകണം. എ.പി.എൽ. ആണെങ്കിൽ അർഹതപ്പെട്ട വിഭാഗമാണെന്നു തെളിയിക്കുന്ന രേഖകൾ വേണം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർഥികളെ മാത്രമേ പരിഗണിക്കൂ. കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്ക് അപേക്ഷിക്കാം. ഭർത്താവ് ഉപേക്ഷിച്ചവർ, ഭർത്താവിനെ കാണാതായി ഒരുവർഷം പിന്നിട്ടവർ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മയായവർ, ഭർത്താവിന് നട്ടെല്ലിനു ക്ഷതമോ പക്ഷാഘാതമോ നിമിത്തം ജോലിചെയ്യാനാകാത്തവിധം കിടപ്പിലായ കുടുംബത്തിലെ സ്ത്രീകൾ തുടങ്ങിയവർക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി: ഡിസംബർ 15.

**റെയിൽവേയിൽ 11,558 ഒഴിവുകൾ**

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (RRB) ടിക്കറ്റ് ക്ലാർക്ക്, സ്റ്റേഷൻ മാസ്റ്റർ, അക്കൗണ്ടന്റ് ക്ലർക്ക്, സൂപ്പർവൈസർ തുടങ്ങിയ തസ്തികയിലേക്ക് (Non - Technical Popular Categories) നിയമനം നടത്തുന്നതിന് വേണ്ടി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

വിദ്യാഭ്യാസ യോഗ്യത : മിനിമം പ്ലസ് ടു മുതൽ യോഗ്യതയുള്ളവർക്ക് ഇതിനായി അപേക്ഷിക്കാം.

അപേക്ഷിക്കേണ്ട അവസാന തീയതി : 2024 ഒക്ടോബർ 31

**38 കാറ്റഗറികളിൽ കേരള പി.എസ്.സി. വിജ്ഞാപനം**

വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, സർവകലാശാലകളിൽ മെക്കാനിക്കൽ എൻജിനിയർ തുടങ്ങി 38 കാറ്റഗറികൾ

വിജ്ഞാപനം ക്ഷണിച്ച് കേരള പി.എസ്.സി. ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം): അസിസ്റ്റന്റ് എൻജിനിയർ (മെക്കാനിക്കൽ), റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ജൂനിയർ കെമിസ്റ്റ്, സയന്റിഫിക് അസിസ്റ്റന്റ് (പത്തോളജി), ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് കക (സിവിൽ)/ ഓവർസിയർ ഗ്രേഡ് കക (സിവിൽ), മേസൺ, റീജണൽ ഓഫീസർ, അസിസ്റ്റന്റ് ഫിനാൻസ് മാനേജർ, സ്വീപ്പർ–ഫുൾ ടൈം ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം): ഹൈസ്കൂൾ ടീച്ചർ (അറബിക്), എൽ. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം), സർജന്റ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം): അസിസ്റ്റന്റ് എൻജിനിയർ, തേർഡ് ഗ്രേഡ് ഓവർസിയർ / തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ ഗ്രേഡ് കകക (സിവിൽ) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഒക്ടോബർ 3.

**കാസ്പ് പദ്ധതി**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ചുരുക്ക പേരാണ് കാസ്പ്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണിത്. പദ്ധതിയിൽ ചേർന്ന് ആനുകൂല്യം ലഭ്യമാക്കുന്നതിന്ന് ചെയ്യേണ്ടത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 581 സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. ഇത്തരത്തിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള കാസ്പ് കിയോസ്ക്കുകൾ മുഖേന മാത്രമാണ് പദ്ധതിയുടെ അനുബന്ധ സേവനങ്ങൾ ലഭ്യമാകുന്നത്.

എന്നാൽ അനധികൃതമായി പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന പുതിയ അംഗങ്ങളെ ചേർക്കുന്നുവെന്നും, കാർഡ് പുതുക്കി നൽകുന്നുവെന്നും, തെറ്റായ സന്ദേശം പ്രചരിപ്പിച്ച് വ്യാജ കാർഡ് പ്രിന്റ് ചെയ്ത് നൽകി പണം കൈപ്പറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാർഡുകൾ പ്രിന്റ് ചെയ്തു നൽകുന്നത് നിയമവിരുദ്ധമാണ്.

പദ്ധതിയിൽ ഗുണഭോക്താക്കളെ പുതുതായി ഉൾപെടുത്താനോ കാർഡ് പ്രിന്റ് ചെയ്ത് നൽകാനോ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോ സർക്കാരോ മറ്റാരേയും ചുമതലപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം ഏജൻസികൾ നടത്തുന്ന നിയമവിരുദ്ധമായ എൻറോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുക്കരുത്. പണം നൽകി കാർഡ് പ്രിന്റ് ചെയ്ത് വഞ്ചിക്കപെടാതിരിക്കാൻ ശ്രദ്ധിക്കണം.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവര

ങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപ്പോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

## സാന്ത്വനം

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസത്തിൽ വെള്ളാറ്റഞ്ഞൂർ, കാച്ചേരി, കോട്ടപ്പടി, മുക്കാട്ടുകര, അടാട്ട്, വാഴാനി, വെട്ടുക്കാട്, ബ്രഹ്മക്കുളം, കിള്ളിമംഗലം, പുതൂർക്കര, പുത്തൻപീടിക എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. കട്ടിൽ, എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, നെബുലൈസർ, ബെഡ് പാൻ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

**സൂര്യതേജസ്സ് 2024**

തൃശൂർ അതിരൂപത സാമൂഹ്യ ക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെയും അങ്കമാലി കേന്ദ്രമായി പ്രവർത്തിക്കുന്ന ആൾട്ടർനേറ്റ് എനർജി കോർപ്പറേഷന്റെയും നേതൃത്വത്തിൽ പുരപ്പുറ സോളാർ പദ്ധതിയിൽ ചേർന്ന അംഗങ്ങളെ ആദരിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാർബൺ എമിഷൻ മുന്നേറ്റത്തിന്റെ ഭാഗമായി സാന്ത്വനം സൂര്യതേജസ്സ് 2024 പദ്ധതി മന്ത്രി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് കോനിക്കര, ആൾട്ടർനേറ്റ് എനർജി കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.പീറ്റർ തെറ്റയിൽ, പ്രോജക്ട് മേധാവി ശ്രീ.ജിതിൻ, സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, കോർഡിനേറ്റർ സി.ജിസ്മരിയ OSF എന്നിവർ പങ്കെടുത്തു.

**സാമ്പത്തിക സഹായത്തോടെ വാട്ടർ പ്യൂരിഫയർ**

യു.എൻ. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ആറാമത്തേതാണ് 'ശുദ്ധജലവും ശുചിത്വവും സമൂഹത്തിൽ ലഭ്യമാക്കുക. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 50% സാമ്പത്തിക സഹായത്തോടെ അക്വാ ഗാർഡ് വാട്ടർ പ്യൂരിഫയർ വിതരണ ഉദ്ഘാടനം കോർപ്പറേഷൻ കൗൺസിലർ ശ്രീമതി. റെജി ജോയ് ചാക്കോള നിർവഹിച്ചു. സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി സ്വാഗതവും അസി.ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത് നന്ദിയും പറഞ്ഞു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ OSF എന്നിവർ പദ്ധതിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകി.

**സാമൂഹ്യ വികസനത്തിന് സ്ത്രീ സംരംഭകർ അനിവാര്യം**

സാന്ത്വനം നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹകരണത്തോടെ വസ്ത്ര നിർമാണ മേഖലയിലെ വനിത സംരംഭകർക്ക് വിവിധങ്ങളായ തയ്യൽ മെഷീനുകളുടെ വിതരണം മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. 7500 രൂപ മുതൽ 2 ലക്ഷം രൂപ വില വരുന്ന തയ്യൽ മെഷീനുകളാണ് 50% സാമ്പത്തിക സഹായത്തോടെ നൽകിയത്.

**ഭവന നിർമാണ പ്രവർത്തനങ്ങൾ**

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നിർമിക്കുന്ന സാന്ത്വന ഭവനം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മണലൂരിൽ നിർമാണം പൂർത്തീകരിച്ചു.ഭവനത്തിന്റെ ആശിർവാദകർമ്മം മണലൂർ ഇടവക വികാരി ഫാ.ജോജു ചിരിയങ്കണ്ടത്ത് നിർവഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ. ഡയറക്ടർ ഡോ. ഫാ. ജോസ് വട്ടക്കുഴി എന്നിവർ നേതൃത്വം നൽകി. ക്ലാസ്സുകൾ നടത്തി.

ചെവ്വൂർ സെന്റ് ഫ്രാൻസിസ് സേവ്യർസ് പള്ളിയിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സ്വയം സഹായസംഘം രൂപീകരിക്കുന്നതിന് മുന്നോടിയായി ക്ലാസുകൾ സംഘടിപ്പിച്ചു. ഡോ.ഫാ.ജോസ് വട്ടക്കുഴി ക്ലാസുകൾ നയിച്ചു. ഇടവക വികാരി റവ.ഫാ.ജോൺസൺ കുണ്ടുകുളം നേതൃത്വം നൽകി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

## മദ്യവിരുദ്ധസമിതി

**1. മദ്യമയക്കു ലഹരിവസ്തുക്കൾ സമൂഹത്തെ തകർത്തെറിയുന്നു**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പഴുവിൽ ദൈവാലയ അങ്കണത്തിൽ 18.08.2024 ന് വനിതാ സംഗമം സംഘടിപ്പിച്ചു. തൃശൂർ എക്സൈസ് വനിത ഡിവിഷൻ ഓഫീസർ ശ്രീമതി കെ.കെ. സതി ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ് നയിച്ചു. പഴുവിൽ ഫൊറോന പ്രൊമോട്ടർ റവ. ഫാ. സിജോ കാട്ടൂക്കാരൻ, അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി., മാതൃവേദി പഴുവിൽ ഫൊറോന ട്രഷറർ ശ്രീമതി മേജി തോമസ് തുടങ്ങിയവരാണ് ആശംസകൾ അർപ്പിച്ചത്.

**2. തെക്കൻ മേഖല സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടനയുടെ 27-ാം വാർഷികത്തിന്റെ മുന്നോടിയായി തെക്കൻ മേഖല സമ്മേളനം 01.09.2024ന് സംഘടിപ്പിച്ചു. ഒല്ലൂർ ഫൊറോന ദൈവാലയത്തിൽ ഒല്ലൂർ, പഴുവിൽ, പുതുക്കാട്, പുത്തൂർ എന്നീ ഫൊറോനകൾ സംയുക്തമായി നടത്തിയ യോഗത്തിൽ അദ്ധ്യക്ഷനായത് ഒല്ലൂർ ഫൊറോന പ്രസിഡന്റ് ശ്രീ. ബെന്നി പുളിക്കനാണ്. അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടകനായി. 27-ാം വാർഷിക ജനറൽ കൺവീനർ ശ്രീ. ടി.എസ്. അബ്രാഹം വാർഷിക സമ്മേളന വിഷയാവതരണം നടത്തി.

**3. മധ്യമേഖല സമ്മേളനം**

01.09.2024ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സംഘടനയുടെ 27-ാം വാർഷികത്തിന്റെ മുന്നോടിയായി പുത്തൻപള്ളി, പട്ടിക്കാട്, ലൂർദ്ദ്, കൊട്ടേക്കാട് എന്നീ ഫൊറോനകൾ സംയുക്തമായി മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. തൃശൂർ ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ അരങ്ങേറിയ യോഗത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അദ്ധ്യക്ഷനായി. മലബാർ മിഷനറി സമൂഹത്തിന്റെ വികാർ ജനറൽ ബ്രദർ എഡ്വിൻ കുറ്റിക്കൽ എം.എം.ബി. ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്. 27-ാം വാർഷിക സമ്മേളന നോട്ടീസ് ലൂർദ്ദ് ഫൊറോന പ്രൊമോട്ടർ റവ. ഫാ. മാത്യു വെട്ടത്ത് മധ്യമേഖല കൺവീനർ ശ്രീ. തോമസ്

തോട്ടപ്പിള്ളിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റും 27-ാം വാർഷിക ജനറൽ കൺവീനറുമായ ശ്രീ. ടി.എസ്. അബ്രാഹം വാർഷിക സമ്മേളന വിഷയ അവതരണം നടത്തി.

**4. തിരുമണിക്കൂർ ആരാധന**

തൃശൂർ അതിരൂപതയുടെ 27-ാം വാർഷികത്തിന്റെ മുന്നോടിയായി 07.09.2024ന് ചേറൂർ നെസ്റ്റ് ലഹരി വിമോചന കേന്ദ്രത്തിൽ സംഘടിപ്പിച്ച ആരാധന റവ. സി. ലൂക്ക് മരിയ നയിച്ചു. വാർഷികാഘോഷ കമ്മിറ്റിയിൽ വാർഷിക പ്രവർത്തനങ്ങൾ കൺവീനർമാർ വിലയിരുത്തി. വടക്കൻ മേഖല, പടിഞ്ഞാറൻ മേഖല സമ്മേളനങ്ങൾ 22.09.2024 ഞായറാഴ്ച ഉച്ചതിരിഞ്ഞ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** — ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്** — പി.ആർ.ഒ.

## ചിൽഡ്രൻസ് മിനിസ്ട്രി

**തിരുബാലസഖ്യ പതാകദിനം**

ഫ്രാൻസിസ് മാർപാപ്പയുടെ നാമഹേതുകതിരുനാൾ ദിനമായ ഒക്ടോബർ 4 ന് പാപ്പാദിനത്തോടൊപ്പം തിരുബാലസഖ്യാംഗങ്ങൾ പതാകദിനമായും ആചരിക്കേണ്ടതാണ്. തിരുബാലസഖ്യ പതാക ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. പതാക ഒന്നിന് 75/ രൂപയാണ് വില. പതാകദിനത്തോടനുബന്ധിച്ച് 'Video Challenge 2024' സംഘടിപ്പിക്കുന്നു. യുണിറ്റ്തല തിരുനാൾ ആഘോഷത്തിലെ പ്രസക്ത ഭാഗങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആണ് തയ്യാറാക്കേണ്ടത്. അയച്ചു തരുന്ന മികച്ച വീഡിയോകൾ ചിൽഡ്രൻസ് മിനിസ്ട്രി ഫേസ്ബുക്ക് പേജിൽ upload ചെയ്യുന്നതും ഒപ്പം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന യുണിറ്റുകൾക്ക് 2025 ജനുവരി 19 തീയതിയിലെ അവാർഡ്ദാന ചടങ്ങിൽ വെച്ച് സമ്മാനങ്ങൾ നൽകുന്നതുമാണ്.

**ജൂനിയർ സി.എൽ.സി. പതാക ദിനം.**

വിശുദ്ധ കൊച്ചുത്രേസ്യായുടെതിരുനാൾ ദിനമായ ഒക്ടോബർ

1 ന് ജൂനിയർ സി.എൽ.സി അംഗങ്ങൾ പതാകദിനമായി ആചരിക്കേണ്ടതാണ്. പതാകദിനത്തോടനുബന്ധിച്ച് 'Video Challenge 2024' സംഘടിപ്പിക്കുന്നു. വി. കൊച്ചുത്രേസ്യയുടെ ജീവിതവുമായി ബന്ധപ്പെടുത്തിയും യുണിറ്റ് തല തിരുനാൾ ആഘോഷത്തിലെ പ്രസക്ത ഭാഗങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടും മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആയിരിക്കണം തയ്യാറാക്കേണ്ടത്. അയച്ചു തരുന്ന മികച്ച വീഡിയോകൾ ചിൽഡ്രൻസ് മിനിസ്ട്രി ഫേസ്ബുക്ക് പേജിൽ അപ്‌ലോഡ് ചെയ്യുന്നതും ഒപ്പം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന യുണിറ്റുകൾക്ക് 2025 ജനുവരി 19 തീയതിയിലെ അവാർഡ്ദാന ചടങ്ങിൽ വെച്ച് സമ്മാനങ്ങൾ നൽകുന്നതുമാണ്.

**മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത് ഡേ പാർട്ടി**

തിരബാലസഖ്യം: 'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ' എന്ന ആദർശവാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായിക്കാൻ തിരുബാലസഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.

അൾത്താരസംഘം: ആതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ചെറിയ ത്യാഗപ്രവർത്തികളിലൂടെ അൾത്താരസംഘാംഗങ്ങൾ ഒക്ടോബർ മാസത്തിൽ പ്രയർ ഫ്രണ്ട് കളക്ഷൻ സമാഹരിക്കുന്നു. ഒപ്പം ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലേക്കും ലഭിക്കുന്ന മാലാഖ കുറിപ്പ് ഫോം കുട്ടികൾക്ക് വിതരണം ചെയ്ത് പ്രയർ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടികൾ ഓരോ ദിവസവും ചെയ്യുന്ന സൽക്രിയകൾ മാലാഖകുറിപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ജൂനിയർ സി.എൽ.സി.: ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ആതുരാലയങ്ങളിലെ രോഗികളെസഹായിക്കാൻ ജൂനിയർ സി.എൽ.സി അംഗങ്ങൾ ജീസസ്സ് ബെർത്ത് ഡേ പാർട്ടി സംഭാവന കൂപ്പൺ ചിലവഴിക്കേണ്ടതാണ്. ഒപ്പം ജപമാല മാസത്തോടനുബന്ധിച്ച് യൂണിറ്റ്തല റോസറി കളക്ഷനും നടത്തേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഒരു യൂണിറ്റിലെ ജൂനിയർ സി.എൽ.സി. സംഘടനാംഗങ്ങൾ ചൊല്ലുന്ന ജപമാലയുടെ മൊത്തം എണ്ണമാണ് റോസറി കളക്ഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

ഓരോയൂണിറ്റിൽ നിന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിവിധ സംഘടനകൾ ശേഖരിക്കുന്ന സംഖ്യയും, അൾത്താരസംഘത്തിന്റെ പ്രയർ ഫ്രണ്ട് കളക്ഷൻ ഫോമും (മാലാഖ കുറിപ്പ്), ജൂനിയർ സി.എൽ.സി.യുടെ ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൗണ്ടർ

കൂപ്പണും, റോസറി കളക്ഷനും കവറിലാക്കി യൂണിറ്റ് ആനിമേറ്റർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 31 ന് മുമ്പ് വാർഷിക റിപ്പോർട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. അതിരൂപതാതലത്തിൽ ഓരോ സംഘടനയിലും അംഗസംഖ്യയുടെ ആനുപാതികത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്ന യൂണിറ്റിനും, മികച്ച മാലാഖകുറിപ്പിനും, മികച്ച റോസറി കളക്ഷൻ യൂണിറ്റിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്. മിഷൻ കളക്ഷൻ കവറും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും, മാലാഖ കുറിപ്പും, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൂപ്പണും ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**അതിരൂപതാതല കലാമത്സരം**

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 9ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 8.30 ന് കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ പബ്ലിക് സ്കൂളിൽവെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർ ഒക്ടോബർ 28 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

**Saints' Quiz 2k24**

Saints' Quiz ഇടവകതല പരീക്ഷ നവംബർ 3ാം തിയ്യതി ഞായറാഴ്ച്ച ഉച്ചയ്ക്ക് 2.00 മണി മുതൽ 2.30 വരെഓരോ യൂണിറ്റിലേയും വിശ്വാസ പരിശീലന പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ ഇടവകയിൽ വെച്ച് തന്നെ നടത്തേണ്ടതാണ്. ഇടവകതലത്തിൽ നടത്തിയ Saints' Quiz പരീക്ഷയിൽ ഓരോവിഭാഗത്തിലും (സബ്ജൂനിയർ, ജൂനിയർ, സീനിയർ) ഫസ്റ്റ് കിട്ടിയ കുട്ടികളുടെ പേരുകൾ ഫൊറോന രജിസ്ട്രേഷൻ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടെ 2024 നവംബർ 15-ാം തിയതിക്കുള്ളിൽ അതാത് ഫൊറോനകളിലെ ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറെ ഏൽപിക്കേണ്ടതാണ്. ഫൊറോനതല പരീക്ഷ ഡിസംബർ 1 നാണ് നടത്തപ്പെടുക. Saints' Quiz മത്സരത്തിന് ഒരുങ്ങുന്നതിനായി Saints' Quiz പഠനസഹായിയും പ്രസിദ്ധീകരിച്ചിരിക്കുന്നു. പുസ്തകം ആവശ്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. പുസ്തകം ഒന്നിന് 15 രൂപയാണ് വില.

**ആനിമാറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം**

ഒക്ടോബർ 12-ാംതിയ്യതി ശനിയാഴ്ച തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി എന്നീ മൂന്ന് സംഘടനകളി

ലെയും ആനിമാറ്റർമാർക്കായി ഉആഇഘഇയിൽ വച്ച ഒരു ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. രാവിലെ 9: 30 ന് ആരംഭിച്ച വൈകീട്ട് 4 മണിക്ക് തീരുന്ന വിധത്തിലാണ് പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. എല്ലാം ആനിമാറ്റർമാരെയും സ്വാഗതം ചെയ്യുന്നു.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം: 'ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ, ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.' (വി. യോഹന്നാൻ 16:33)

സൂകൃതജപം: പരിശുദ്ധ ജപമാലയുടെ രാജ്ഞി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

പ്രാർത്ഥനാ നിയോഗം: മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും അല്മായരും പരിശുദ്ധാത്മാവിന്റെ നിറവാൽ കൂടുതൽ തീക്ഷ്ണതയോടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധ: ഒരു കന്യാസ്ത്രീ ആകാനുള്ള ആഗ്രഹം ബലി ചെയ്തത്, സ്വന്തം വസ്തുവകകൾ കൈകാര്യം ചെയ്ത് ദരിദ്രരെസഹായിച്ച്, ആശ്രമ ജീവിതം നയിച്ച് ദിവംഗതയായ തീർന്ന വിശുദ്ധ ഹെഡ്‌വിഗ് ആണ് നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധ. സ്വന്തം ഭർത്താവിന്റെ പൂർണ്ണ സമ്മതത്തോടെ അവിവാഹിതരെ പോലെ ജീവിക്കുവാൻ തീരുമാനിച്ചുകൊണ്ട് ആ ഭർത്താവിന്റെതന്നെ സഹായത്തോടെ ആയിരം പേർക്ക് താമസിക്കാവുന്ന ഒരു സിസ്റ്റേഴ്സിൻ ആശ്രമം പണിയിച്ചു. ദരിദ്ര യുവതികളെ അവിടെതാമസിപ്പിച്ച് വിവാഹത്തിനും സന്യാസത്തിനും ഒരുക്കിയിരുന്നു. ക്രിസ്തുവിന്റെയും അപ്പസ്തോലന്മാരുടെയും ഓർമ്മയ്ക്കായി 13 പേർക്ക് ദിനംപ്രതി സ്വന്തം കരങ്ങൾ കൊണ്ട് ഭക്ഷണം വിളമ്പി കൊടുത്തിരുന്നു. ബുധനാഴ്ചയും വെള്ളിയാഴ്ചയും റൊട്ടിയും വെള്ളവും മാത്രമായിരുന്നു ഭക്ഷണം. ഒക്ടോബർ 16ന് തിരുസഭ ഈ വിശുദ്ധയെ ഓർക്കുന്നു.

പ്രവർത്തനം: ഈശോ കുരിശിൽ കിടന്നുകൊണ്ട്സ്വന്തം അമ്മയെ നമുക്ക് അമ്മയായി നൽകി. അമ്മയെ വണങ്ങുന്ന ഈ മാസത്തിൽ ജപമാല ചൊല്ലുമ്പോൾ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ അമ്മമാരെ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ ശ്രമിക്കുമല്ലോ.

**ഫാ. സിജോ മുരിങ്ങാത്തേരി** — ഡയറക്ടർ

**സി. ബീന റോസ് SSPC** — കോർഡിനേറ്റർ

## കത്തോലിക്ക കോൺഗ്രസ്

**അമർ ജവാൻ 2024 സംഗമം**

തൃശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ അഭിമുഖ്യത്തിൽ അതിരൂപതാംഗങ്ങളായ വിമുക്തഭടൻമാരുടെ സംഗമം അമർജവാൻ 2024 നടത്തി. അഗസ്റ് 15 ന് തൃശൂർ അതിരൂപത ആസ്ഥാനത്ത് വെച്ച് 3മത് അമർജവാൻ സംഘടിപ്പിക്കപ്പെട്ടത്. 250 ഓളം വിമുക്ത ഭടൻമാർ പങ്കെടുത്തു. വിവിധ യുദ്ധങ്ങളിൽ നേരിട്ട് പങ്കെടുത്തവർ, അന്തർദേശിയ / ദേശീയ നേട്ടം കൈവരിച്ച സൈനികർ എന്നിവരെ ആദരിച്ചു.

തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സംഗമം ഉദ്ഘാടനം ചെയ്തു. അമർ ജവാൻ കമ്മറ്റി ചെയർമാനും തൃശൂർ കോർപ്പറേഷൻ മേയറുമായ എം.കെ. വർഗ്ഗീസ് മുഖ്യാത്ഥിതിയായിരുന്നു. കേണൽ ബിജു പോൾ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. വർഗ്ഗീസ് കൂത്തൂർ ആമുഖ സന്ദേശം നൽകി. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഡോ. ജോബി തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ചു. അമർജവാൻ കോഡിനേറ്റർ ജോണി പി പുല്ലോക്കാരൻ, കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.സി. ഡേവിസ്, എന്നിവർ പ്രസംഗിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

## ജീസസ്സ് യൂത്ത്

**കേപ്പാ നാലാം മൊഡ്യൂൾ**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക്വേണ്ടി നടത്തിയിരുന്ന കേപ്പാ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ നാലാമതും അവസാനത്തേതുമായ മൊഡ്യൂൾ, ഓഗസ്റ്റ് പതിനാറിന് വെള്ളിയാഴ്ച വൈകിട്ടു ഏഴുമണിക്ക് ആരംഭിച്ച്

ഓഗസ്റ്റ് പതിനെട്ട്, ഞായറാഴ്ച നാലുമണി വരെ ചിയാരം ഗലീലി റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തപെട്ടു. യുവത്വം നേരിടുന്ന വെല്ലുവിളികൾ, വിശുദ്ധ ഗ്രന്ഥം, കത്തോലിക്കാ സഭ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഈ മൊഡ്യൂളിൽ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ (ജീസസ് യൂത്ത് ഡയറക്ടർ), ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ (അസോസിയേറ്റ് ഡയറക്ടർ), ടിന്റു സോണി (സൈക്കോളജിസ്റ്റ്), റവ. ഡോ. ഫാ. ഡേവിസ് പനക്കൽ സി. എം. ഐ, ഡോ. കൊച്ചുറാണി ജോസഫ്, ഷൈജൻ പോൾ, ജെറിൻ ജോയ് (ജീസസ് യൂത്ത് കോർഡിനേറ്റർ), സാൻജോ ജോൺസൺ (കേപ്പാ ട്രെയിനിങ്, കോർഡിനേറ്റർ)എന്നിവർ സന്നിഹിതരായിരുന്നു. 2023 നവംബറിൽ ആരംഭിച്ച പരിശീലനപരിപാടി തുടർച്ചയായി നാലു മോഡ്യൂളുകളിലൂടെ കടന്നു പോയി പതിനേഴ് പേർ പരിശീലനം പൂർത്തിയാക്കി.

**ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്ത് തൃശൂർ ഫോർമേഷൻ ബേസിന്റെ നേതൃത്വത്തിൽ ഫിലിപ്പ് കോഴ്സ് ഓഗസ്റ്റ് പതിനാറു വെള്ളിയാഴ്ച വൈകിട്ട് അഞ്ചര മുതൽ ഓഗസ്റ്റ് പതിനെട്ടു ഞായറാഴ്ച വൈകിട്ടു അഞ്ചുമണി വരെ നെടുപുഴ, ജോർദാനിയ റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തപെടുകയുണ്ടായി. ജീസസ് യൂത്ത് ഫോർമേഷൻ യാത്രയുടെ ആദ്യപടിയാണ് ഫിലിപ്പ് കോഴ്സ്. ഇതിലൂടെ ഈശോയുമായുള്ള ഒരു കണ്ടു മുട്ടൽ അനുഭവത്തിലൂടെ കടന്നു പോയി നവീകരിക്കപെടുകയും ചെയ്തു. ഈ യാത്രയിലൂടെ കടന്നു പോകുന്ന ഓരോ വ്യക്തിയും പന്തകുസ്തയുടെ ശക്തിയാൽ രൂപാന്തരപ്പെടുകയും യേശുവിന്റെ ഉത്തമ മിഷനറി ശിഷ്യരായി മാറുകയും ചെയ്യുന്നു. ഈ കോഴ്സിൽ 32 പേർ പങ്കെടുത്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ്**
**മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# കരിസ്മാറ്റിക്ക് നവീകരണ മുന്നേറ്റം

**കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയ്ക്ക് പുതിയ നേതൃത്വം**

ഓഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ തൃശ്ശൂർ സോണൽ സർവീസ് ടീമിന്റെ പുന:സംഘടന ആബാ ധ്യാനകേന്ദ്ര

ത്തിൽ വച്ച് നടന്നു. തൃശ്ശൂർ അതിരൂപതയിലെ 16 ഫെറോനകളിൽ നിന്നുള്ള സർവീസ് ടീം അംഗങ്ങൾ, വിവിധ മിനിസ്ട്രികളിൽനിന്നുള്ള സർവീസ് ടീം അംഗങ്ങൾ, പ്രത്യേകം ക്ഷണിതാക്കൾ എന്നിവരെ അടക്കം ഏകദേശം 250 ഓളം പേർ പുന:സംഘടന പ്രക്രിയയിൽ പങ്കെടുത്തു. ഷാജു കെ. കെ. (പൊന്നൂക്കര), റോയ് തൈക്കാട്ടിൽ (കൊട്ടേക്കാട്), വിൻസൻറ് ചിറയത്ത് (എറവ്), അഡ്വക്കേറ്റ് ടോമി അബ്രഹാം (പൂങ്കുന്നം), ബൈജു. വി. കെ. (ചിറ്റാട്ടുകര), സിന്റോ തോമസ് (പാവറട്ടി), റീന റാഫേൽ (അത്താണി), സിനി അലക്സ് (വെണ്ടോർ), ഫിലോമിന ജോയ് (ഒല്ലൂർ) എന്നീ 9 പേരെ സോണൽ സർവീസ് ടീമിലേക്ക് തെരഞ്ഞെടുത്തു. ഷാജു കെ. കെ. സോൺ കോ-ഓർഡിനേറ്ററായും, റോയ് തൈക്കാട്ടിൽ സോൺ സെക്രട്ടറിയായും, വിൻസൻറ് ചിറയത്ത് സോണൽ ട്രഷററയും സർവീസ് ടീമിൽനിന്ന് തെരഞ്ഞെടുത്തു. കേരള കരിസ്മാറ്റിക് സർവീസസ് ഓഫ് കമ്മ്യൂണിയൻ കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളിയും, ടീം അംഗങ്ങളും പുന:സംഘടന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏകദേശം അഞ്ചു മണിയോടുകൂടി പുന:സംഘടന പൂർത്തീകരിച്ചു. സോൺ ഡയറക്ടർ റോയ് വേളക്കൊമ്പിൽ പുതിയ സർവീസ് ടീമിനെ സമൂഹത്തിന് പരിചയപ്പെടുത്തി.

ഓഗസ്റ്റ് 5-ാം തീയതി തിങ്കളാഴ്ച പാരിഷ് മിനിസ്ട്രി ഏകദിനം ആബാ ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്നു. വിജയകരമായി കോഴ്സ് പൂർത്തീകരിച്ച് 160 വചനപ്രഘോഷകർക്ക്, 70 സ്പിരിച്ചൽ ഷെയറിംഗ് ശുശ്രൂഷകർക്ക് ഐഡി കാർഡ് വിതരണം ചെയ്തു

ഓഗസ്റ്റ് മാസം 10-ാം തീയതി മാർച്ച് ഫോർ ലൈഫ് എന്ന ശുശ്രൂഷ തൃശ്ശൂരിൽ വച്ച് നടന്നു. പ്രൊ ലൈഫ് മിനിസ്ട്രിയോട് ചേർന്ന് അതിരൂപത കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയും മാർച്ച് ഫോർ ലൈഫിന് നേതൃത്വം നൽകി. ഈ ശുശ്രൂഷയ്ക്ക് വേണ്ടി കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ആബാ ധ്യാന കേന്ദ്രത്തിൽ 72 മണിക്കൂർ ഉപവാസ പ്രാർത്ഥന നടത്തി. കരിസ്മാറ്റിക് നവീകരണം മുന്നേറ്റം വിവിധ കമ്മിറ്റികളോട് ചേർന്ന് ഈ ശുശ്രൂഷയിൽ മുൻനിരയിൽ പ്രവർത്തിച്ചു. റവ. ഫാ. റോയ് വേളക്കൊമ്പിൽ കോ-വർക്കിംഗ് ചെയർമാനായും ബാബു എം.എ. ജോയിന്റ് കൺവീനറായും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**തിരുസന്നിധി**

ഓഗസ്റ്റ് മാസം 18-ാം തീയതി ജൂബിലി ഒരുക്ക പ്രാർത്ഥന ജൂബിലേവൂസ് ആബാ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി.

ഓഗസ്റ്റ് മാസം 18-ാം തീയതി വൈകിട്ട് 5 മുതൽ 21-ാം തീയതി ബുധൻ രാത്രി 9 വരെ തെരഞ്ഞെടുക്കപ്പെട്ട 60 ഓളം പേർക്ക്

സ്പിരിചൽ ഷെയറിംഗ് കോഴ്സ് നടത്തി. ബഹുമാനപ്പെട്ട കൊളത്തുവയൽ സിസ്റ്റേഴ്സ് ടീമും ആണ് ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്.

**മരിയൻ കൺവെൻഷൻ**

പരി. അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 5, 6, 7 തീയതികളിൽ ആബാ ധ്യാന കേന്ദ്രത്തിൽ മരിയൻ കൺവെൻഷൻ നടത്തി. ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ, റവ. ഫാ. ഷാജൻ തേർമഠം, റവ. ഫാ. സിന്റോ പൊന്തേക്കൻ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. എല്ലാ ദിവസവും ജപമാല റാലിയും, വചനപ്രഘോഷണവും, വിശുദ്ധ കുർബാനയും, ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു.

**വൈദികർക്കുള്ള പ്രാർത്ഥന**

എല്ലാ ദിവസവും രണ്ട് വൈദികർക്ക്വേണ്ടി ആബാ ധ്യാന കേന്ദ്രത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**

ഡയറക്ടർ

## സ്ലം സർവ്വീസ് സെന്റർ

അതിരുപത സ്ലം സർവ്വീസ് സെന്റർ അയൽക്കൂട്ടങ്ങൾ നടത്തിയ ഓണാഘോഷം ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സിജു പുളിക്കൻ അധ്യക്ഷത വഹിച്ചു. ഫാ. ഫ്രാൻസീസ് കുരിശ്ശേരി സി.എം. ഐ. അനുഗ്രഹപ്രഭാഷണം നടത്തി. എൻ. ശ്രീകുമാർ ഓണസന്ദേശം നല്കി. ഫാ. ജോമോൻ താണിക്കൽ, ബേബി മുക്കൻ, ഗ്രെയ്സി സണ്ണി, ആന്റണി ചിറമ്മൽ, ഫ്രാൻസീസ് കല്ലറക്കൽ, ജോയ് പോൾ ജോൺസൻ കൊക്കൻ ജാൻസി ജോൺസൻ എന്നിവർ പ്രസംഗിച്ചു. വിവിധ മത്സരങ്ങളും സമ്മാനദാനവും പരേതരായ അംഗങ്ങളുടെ കുടുംബത്തിനു ധനസഹായം മികച്ച വിദ്യാർത്ഥികൾക്ക് സമ്മാനദാനം, ഓണസദ്യ തുടങ്ങിയ പരിപാടികളും ഉണ്ടായിരുന്നു.

**ഫാ. സിജു പുളിക്കൻ**

ഡയറക്ടർ






2024 സെപ്തംബർ 8ന് ആശീർവദിക്കപ്പെട്ട
കല്ലൂർ പടിഞ്ഞാറ് ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2024
**October - 2024**

# GO AND INVITE EVERYONE *to the banquet*

Mt 22:9

**പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ** (മത്താ 22:9)

## ആഗോള മിഷൻ ഞായർ 2024

**20 ഒക്ടോബർ 2024**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor